
**(Monthly)** **Price- Rs. 4/-**

# ബൈബിൾ സത്യം



| മനുഷ്യൻ | ദൈവം |
| --- | --- |
| മൺമയൻ, ദൈവസാദൃശ്യമുള്ളവൻ<br>ദൈവസൃഷ്ടി | അരൂപിയും നിത്യനും<br>സൃഷ്ടി കർത്താവ് |
| മർത്യൻ | അമർത്യൻ |
| പരിമിതിയുള്ളവൻ | പരിമിതിയില്ലാത്തവൻ |
| ഭൗതികൻ എന്നാൽ ആത്മികമാകാൻ<br>സൃഷ്ടിക്കപ്പെട്ടവൻ | ദിവ്യത്വമുള്ളവൻ |
| പാപത്തിനിരയാകുന്നവൻ | പരിശുദ്ധൻ |
| വികാരഗതിഭേദമുള്ളവൻ | വികാരത്താൽ<br>മാറ്റമില്ലാത്തവൻ |
| ഒരു സമയത്ത് ഒരു സ്ഥലത്തു<br>ജീവിക്കുന്നവൻ | സർവ്വവ്യാപി |
| ശരീരം താല്ക്കാലികമാണ് | ശരീരരഹിതൻ |
| ദൈവകല്പന വിശ്വസിച്ച് അനുസരിച്ചാൽ<br>ജീവിതം ദൈവികമായി<br>മാറും. ദൈവത്തിന്റെ<br>അപ്രമേയജ്ഞാനത്താൽ അറിഞ്ഞു<br>ദൈവത്തെ ഭയന്ന് കല്പനകൾ<br>അനുസരിച്ചാൽ അവൻ ദൈവത്തോടു<br>കൂടെ നിത്യനായി ജീവിക്കും | ന്യായകർത്താവ്<br>വിശ്വസ്തൻ<br>സത്യവാൻ<br>സ്നേഹവാൻ<br>രക്ഷകൻ |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 24** **August 2006** **No.5**

## എഡിറ്റോറിയൽ

ലോകത്തിൽ മിക്കവാറും എല്ലാ രാജ്യങ്ങളിലും പല തരത്തിലുള്ള വിവാദങ്ങൾ ഉയർന്നു വരുന്നുണ്ട്. രാഷ്ട്രീയക്കാർ, സിനിമാ രംഗത്തുള്ളവർ, സാംസ്ക്കാരിക മേഖലയിലുള്ളവർ, മതപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ എല്ലാം ഇതു ഉണ്ടാകുന്നുണ്ട്. ചിലർ അതു പരസ്യമാകുമ്പോൾ മാദ്ധ്യമ പ്രവർത്തകരെ പഴിചാരുന്നു. സമൂഹത്തെ ഇതു ദോഷകരമായി ബാധിക്കുന്നുണ്ട് എന്നതിൽ തർക്കമില്ല. മനുഷ്യർക്കിടയിൽ ഉയർന്നു വരുന്ന വിവാദങ്ങൾ ക്ഷേത്രങ്ങളിലെ ബിംബങ്ങളിലേക്കും വ്യാപിക്കുന്നുണ്ട്. ബിംബങ്ങൾക്കു പ്രത്യേകതയുണ്ടെന്ന് വിശ്വസിപ്പിക്കുന്നവരും വിശ്വസിക്കുന്നവരും ഉണ്ട്. വിവാദങ്ങൾ വാസ്തവത്തിൽ വിശദമായി വാദിക്കാനിടയുള്ളതാണ്. ഇത്തരം സംഭവങ്ങൾ ആളുകൾക്കിടയിൽ സംസാര വിഷയമാണ്. മാദ്ധ്യമങ്ങളിൽ വാർത്തയാകുന്നതിനു പുറമെ ആളുകൾക്കിടയിലും ഇവ ചർച്ച ചെയ്യപ്പെടും. ആളുകൾക്കു ഇവ കേൾക്കുകയും അറിയുകയും ചെയ്യുമ്പോൾ അവരുടെ അഭിപ്രായം പ്രകടിപ്പിക്കും. അതിൽ തെറ്റു പറയാൻ സാദ്ധ്യമല്ല. എന്തുകൊണ്ടാണ് വിവാദങ്ങൾ ഉണ്ടാകുന്നത് എന്നും അവയുടെ ദോഷഫലങ്ങൾ ചിന്തിച്ച് മനസിലാക്കി പരിഹാരവും നാം കാണേണ്ടതായുണ്ട്. സൽകീർത്തി നശിപ്പിക്കുന്നതും ദുഷ്കീർത്തിയുണ്ടാക്കുന്നതുമായ സംഭവങ്ങൾ ഒഴിവാക്കുവാൻ സത്യം തിരിച്ചറിയുകയും സത്യത്തിൽ നിലനിൽക്കുകയും വേണം. ഓരോ വ്യക്തിയും അവനവനെക്കുറിച്ചു വിലയിരുത്തി മുമ്പോട്ടു പോകണം.

അബദ്ധം പിണഞ്ഞ് അരുതാത്തതു സംസാരിച്ച് വിവാദത്തിൽ കുടുങ്ങുന്നവരുണ്ട്. പിന്നീട് പലരും അതിനെ വ്യാഖ്യാനിച്ചു

പല രീതിയിൽ വിലയിരുത്തിക്കഴിയുമ്പോൾ അവർ തങ്ങളുടെ പിഴവ് മനസ്സിലാക്കുന്നു. പിന്നീട് അവർ തങ്ങളുടെ സംസാരത്തെ ന്യായീകരിക്കയോ, മുൻപു പറഞ്ഞതു നിഷേധിക്കയോ ചെയ്യും. ഇതു വാസ്തവത്തിൽ ഒളിച്ചോട്ടമാണ്. ഇതിനുള്ള മാർഗ്ഗം എന്തെന്നാൽ ദൈവ കല്പന സ്വീകരിക്കയാണ്. ദൈവം കല്പിച്ചിരിക്കുന്നതു ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറയുന്നതു സാവകാശവുമായിരിക്കണം. പൊതുവിൽ ആളുകൾ നേരെ മറിച്ചാണ്. കേൾക്കുന്നതു താമസിച്ചും പറയുന്നതു വേഗത്തിലുമാണ്. അതുകൊണ്ടുണ്ടാവുന്ന കുഴപ്പം എന്തെന്നാൽ ശരിയായി ചിന്തിക്കാനോ ഗ്രഹിക്കാനോ വിലയിരുത്താനോ കഴിയുന്നില്ല. അങ്ങനെ ആവശ്യമില്ലാത്തതു സംസാരിക്കും. അതു വിവാദമായി തീരും. ദൈവവചന സത്യമാണ് ആളുകൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യേണ്ടത്. അങ്ങനെ ആയാൽ വിവാദങ്ങളിൽ നിന്നു വിട്ടു നില്ക്കാൻ കഴിയും. ദൈവിക പരിജ്ഞാനമാണ് എല്ലാവർക്കും ആവശ്യം. അതിനു എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെടണം. അപ്പോൾ ആളുകൾ തങ്ങളുടെ സംസാരം മറ്റുള്ളവർക്കു പ്രയോജനപ്രദമാക്കും. എല്ലാവരോടും നാം സത്യം സംസാരിച്ചാൽ വിവാദമുണ്ടാകയില്ല.

ഇനി പ്രവൃത്തികളിലേക്കു തിരിയാം. മനുഷ്യരായ എല്ലാവരും ഓരോ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. പ്രവൃത്തികളെ നമുക്കു രണ്ടായി തരം തിരിക്കാം. ഒന്നു നിയമപ്രകാരമുള്ള പ്രവൃത്തിയും മറ്റൊന്ന് നിയമപ്രകാരമല്ലാത്ത പ്രവൃത്തിയും. ദൈവം ചെയ്യുവാൻ പറഞ്ഞിരിക്കുന്നതു ചെയ്യാതിരിക്കയും ചെയ്യരുതെന്നു വിലക്കിയിരിക്കുന്നതു ചെയ്യുകയും ചെയ്യുമ്പോൾ ആളുകൾ വിവാദത്തിൽ കുടുങ്ങും. അതാണ് ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഉദാഹരണമായി യാതൊരുത്തന്റേയും ഒന്നും മോഹിക്കരുത് എന്നു ദൈവം കല്പിച്ചിരിക്കുന്നു. പക്ഷേ ആളുകൾ മോഹിക്കുന്നതുകൊണ്ട് പല പ്രശ്നങ്ങളിൽ ചെന്നു ചാടുന്നു. മനോസുഖവും സ്വസ്ഥതയും തൽഫലമായി നഷ്ടപ്പെടും. വേറൊന്നു പറയുകയാണെങ്കിൽ പള്ളികളിലും ക്ഷേത്രങ്ങളിലും ഉണ്ടാക്കി വെച്ചിരിക്കുന്ന പ്രതിമകൾ അഥവാ ബിംബങ്ങൾ. ആ പ്രതിമകൾക്ക് ചലനശക്തിയില്ല, ഒരു ദിവ്യശക്തിയുമില്ല. കാരണം അതെല്ലാം മനുഷ്യന്റെ സങ്കല്പങ്ങളിൽ കൊത്തിത്തീർത്തതാണ്. മനുഷ്യർ ഉണ്ടാക്കിയ യാതൊരു

വസ്തുക്കളിലും ദൈവം വസിക്കുന്നില്ല. കൈപ്പണിയായ ക്ഷേത്രങ്ങളിലോ പള്ളികളിലോ ദൈവം വസിക്കുന്നില്ല. ദൈവ കല്പന ലംഘിച്ച് പ്രതിമകൾ ഉണ്ടാക്കിയാൽ അതിന്റെ പേരിൽ വിവാദങ്ങൾ ഉണ്ടാകുന്നതിൽ അതിശയിക്കാനില്ല. അത്തരം വിവാദങ്ങൾ വരുമ്പോൾ സാധാരണക്കാർ മിഥ്യയിൽ നിന്ന് സത്യത്തിലേക്ക് തിരിയണം. വിഗ്രഹങ്ങളിൽ നിന്നു ആളുകൾ ദൈവത്തിലേക്ക് തിരിയണം. അതാണ് വേണ്ടത്. ജീവനുള്ള ദൈവത്തെ തള്ളിക്കളഞ്ഞ് ജീവനില്ലാത്ത വിഗ്രഹങ്ങളിലേക്ക് തിരിയുന്ന മനുഷ്യർ അബദ്ധമാണ് പ്രവർത്തിക്കുന്നത്. നിയമരഹിതമായാണ് അവർ പ്രവർത്തിക്കുന്നത്. അത് അവർ തിരിച്ചറിയണം.

ഇതിനെല്ലാം പരിഹാരം ദൈവ വചനത്തിലുണ്ട്. സ്വർഗ്ഗീയ സന്ദേശം ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ സകല മനുഷ്യരും ദൈവത്തിലും ദൈവത്തിന്റെ വചനത്തിലും വിശ്വസിക്കണം. വെറും അന്ധവിശ്വാസമല്ല. തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രം വിശ്വസിക്കുക. ഹൃദയപൂർവ്വം വേണം വിശ്വസിക്കുവാൻ. അടുത്തപടി തെറ്റിൽ നിന്നു വിട്ടു നില്ക്കണം. അസത്യത്തിൽ നിന്നു സത്യത്തിലേക്ക് തിരിയണം. തിന്മയെ ഉപേക്ഷിച്ചു നന്മയെ സ്വീകരിക്കണം. ഓരോരുത്തരും തീരുമാനമെടുക്കണം. ദൈവം കാണിച്ചുതന്ന ഏകവഴിയിൽ വേണം സഞ്ചരിക്കുവാൻ. പാപങ്ങളിൽ നിന്നു മോചനം ലഭിക്കേണ്ടത് ദൈവത്തിൽ നിന്നാണ്. കാരണം പാപത്തെ പൂർണ്ണമായി മോചിക്കുവാൻ ദൈവത്തിനേ കഴിയു. അതിനുള്ള ദൈവ കല്പനയായ സ്നാനം ഏല്ക്കണം. അടിസ്ഥാനപരമായി ഇത്രയും ചെയ്താൽ ദൈവം നമ്മെ രക്ഷിക്കും. തുടർന്നു ദൈവവചനത്തിൽ വിശ്വസ്തമായി ജീവിതം തുടരണം. ചുരുക്കി പറഞ്ഞാൽ വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും നാം കർത്താവിന്റെ അധികാരത്തിൽ വേണം ചെയ്യുവാൻ. അങ്ങനെ വിവാദം നമ്മിൽ നിന്നകന്നു പോകും.

★

## രക്ഷിക്കുന്ന വിശ്വാസം

J.C ചോട്ട്

വിശ്വാസം എന്ന വാക്ക് ഇന്നു പ്രചുര പ്രചാരത്തിലിരിക്കുന്ന ഒന്നാണ്. ബൈബിളിൽ പറഞ്ഞിട്ടുള്ള വിശ്വാസത്തിന്റെ അർത്ഥം ലോകത്തിൽ പറഞ്ഞു കേൾക്കുന്ന വിശ്വാസം പോലെയല്ല. ദൈവ

ത്തിൽ വിശ്വസിക്കുക എന്നാൽ ദൈവം പറഞ്ഞിട്ടുള്ളതിലും ചെയ്തിട്ടുള്ളതിലും പൂർണ്ണമായ വിശ്വാസമാണ്. ദൈവവചനം എന്നു പറയുമ്പോൾ അതു പഴയ നിയമവും പുതിയ നിയമവും അടങ്ങുന്നതാണ്. പഴയ നിയമത്തിലും പുതിയ നിയമത്തിലും നമുക്കു വിശ്വാസം വേണം. പുതിയ നിയമത്തിൽ ക്രിസ്തീയ ജീവിതത്തെയും, ആരാധനയെയും ദൈവത്തോടുള്ള അനുസരണത്തെയും വെളിപ്പെടുത്തിയിട്ടുണ്ട്. എല്ലാം നാം വിശ്വസിക്കുന്നുവെങ്കിൽ അനുസരിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത് എല്ലാം അനുസരിച്ചാൽ നാം വിശ്വാസികളാകുന്നു. കാരണം നാം ബൈബിളിലെ എഫെസ്യർ 4:5-ൽ വായിക്കുന്ന ഏക വിശ്വാസത്തിൽ അനുസരണവും ഉൾപ്പെടുത്തിയിരിക്കുന്നു.

വിശ്വാസത്തെ ബൈബിളിൽ പ്രകടിപ്പിച്ചിരിക്കുന്ന ഭാഗങ്ങൾ അനവധിയാണ്. ഉദാഹരണമായി ലോകം മുഴുവൻ പ്രസിദ്ധമായ വിശ്വാസം (റോമർ 1:8), ഞങ്ങൾ പ്രസംഗിച്ച വിശ്വാസ വചനം (റോമർ 10:8). നിങ്ങളുടെ വിശ്വാസ പ്രവൃത്തി ഓർത്തുകൊൾക (1 തെസ്സലൊനിക്യർ 1:3). ഒരിക്കലായി ഭരമേല്പിച്ച വിശ്വാസത്തിനായി പോരാടുവിൻ (യൂദ 3) തുടങ്ങിയവ നമുക്കു തിരുവെഴുത്തിൽ കാണാം. ഓരോരുത്തർക്കും ലഭിച്ചിട്ടുള്ള വിശ്വാസത്തിന്റെ അളവ് വ്യത്യസ്തമാണ്. ദൈവസന്നിധിയിൽ സ്വീകാര്യമായ വിശ്വാസം എന്തെന്ന് നാം മനസിലാക്കണം. എങ്കിലേ അതിനു ദൈവത്തിൽ നിന്നു പ്രതിഫലം ലഭിക്കയുള്ളു.

വ്യക്തിപരമായ വിശ്വാസം ഒരാൾ ദൈവത്തെ സ്വീകരിക്കുന്നതാണ്. ദൈവത്തെ വിശ്വസിക്കുന്നതിനു ആവശ്യമായ സാക്ഷ്യം ബൈബിളിലും പുറത്ത് പ്രപഞ്ചത്തിലും വെളിപ്പെടുത്തിയിട്ടുണ്ട്. ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധം എങ്ങനെ ആയിരിക്കണം എന്ന് മനുഷ്യരെ തന്റെ സ്വന്ത സാദൃശത്തിൽ സൃഷ്ടിച്ചപ്പോൾ വ്യക്തമാക്കി. പക്ഷേ ദൈവത്തിലുള്ള മനുഷ്യരുടെ വിശ്വാസം തകർക്കുന്ന പിശാചിന്റെ പ്രേരണ തിരിച്ചറിയാത്ത മനുഷ്യർ ഭോഷ്ക്ക് വിശ്വസിച്ചു. ഇന്നും ഭൂരിഭാഗം പേരും ഭോഷ്ക്ക് ആണ് വിശ്വസിക്കുന്നത്. സത്യമെന്തെന്ന് അറിയുവാൻ സത്യദൈവത്തെ അറിയണം. പാപത്തിനു ഒരിക്കൽ വശംവദരായാൽ പിന്നെ അതിന് അടിമപ്പെടും. അതിനുശേഷം അതിൽ നിന്നു മുക്തി നേടാൻ മനുഷ്യനാൽ സാധ്യമല്ല. അതുകൊണ്ടാണ് ദൈവം തന്റെ ഏക

ജാതനായ പുത്രനെ അയച്ച് മനുഷ്യരെ പിശാചിന്റെ അടിമത്വത്തിൽ നിന്നു വിടുവിപ്പാൻ വഴി ഒരുക്കിയത്. വിശ്വാസം ദൈവത്തിലും അവന്റെ പുത്രനിലും ദൈവത്തിന്റെ അരുളപ്പാടിലും വേണം.

വിശ്വാസത്തെ എബ്രായ ലേഖകൻ നിർവ്വചിക്കുന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാണ് എന്നത്രെ (എബ്രായർ 11:1). അതായത് ആരും ദൈവത്തെ കണ്ടിട്ടില്ല. ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള പല കാര്യങ്ങൾ ഉണ്ട്. അവയെ കുറിച്ച് നമുക്ക് ഒരു നിശ്ചയവുമില്ല. പക്ഷേ ദൈവം വാക്കു പറഞ്ഞാൽ അതു പാലിക്കുക തന്നെ ചെയ്യും (റോമർ 3:3-4). ക്രിസ്തുവിനെ നാം കണ്ടിട്ടില്ല. എന്നാൽ അവൻ ജീവിച്ചിരുന്നു എന്നു ദൃക്സാക്ഷികളുടെ വിവരണവും ചരിത്രപുസ്തകങ്ങളും സാക്ഷ്യപ്പെടുത്തുന്നു. ഇനി ദൈവത്തിന്റെ വചനം മനുഷ്യരിലൂടെയാണ് മനുഷ്യരിലേക്ക് എത്തിച്ചിരിക്കുന്നത്. അതു ആളുകൾ വിശ്വസിക്കേണ്ടതിനു അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലും ഉറപ്പിച്ചിരിക്കുന്നു (മർക്കൊസ് 16:20). ദൈവവചനം സത്യമാണെന്ന് ബോധ്യമാക്കുവാൻ അതു ജീവിതത്തിൽ പരിശോധിച്ചു നോക്കാവുന്നതാണ്.

ഇത്തരത്തിൽ ദൈവത്തിലും, ക്രിസ്തുവിലും അവന്റെ വചനത്തിലും ഉള്ള വിശ്വാസമാണ് അനുസരണത്തിലേക്ക് നയിക്കുന്നത്. അതു അന്ധമായ വിശ്വാസമോ, നിർജ്ജീവമോ, മാനസിക തോന്നലോ അല്ല. മനസിൽ ആരംഭിച്ച് അവിടെ നിർത്തേണ്ട ഒന്നല്ല വിശ്വാസം. ഞാൻ പറയുന്ന വിശ്വാസം ദൈവം പറഞ്ഞിരിക്കുന്നതെല്ലാം ചെയ്യുന്ന വിശ്വാസമാണ്. അതു ജീവനുള്ള വിശ്വാസമാണ്; രക്ഷിക്കുന്ന വിശ്വാസവുമാണ്. ഒരുവന്നു മലകളെ നീക്കുവാനുള്ള വിശ്വാസം ഉണ്ടെങ്കിലും സ്നേഹമില്ലെങ്കിൽ അതുകൊണ്ട് പ്രയോജനമില്ലെന്ന് അപ്പൊസ്തലനായ പൗലൊസ് സ്നേഹത്തെക്കുറിച്ച് എഴുതുമ്പോൾ 1 കൊരിന്ത്യർ 13-ൽ പറയുന്നു. ചില ആളുകൾക്ക് കർത്താവിൽ വിശ്വാസമുണ്ടെന്നു പറയും. പക്ഷേ കർത്താവ് പറയുന്നതു എല്ലാം ചെയ്യുവാൻ അവർക്കു കഴിയുന്നില്ല (ലൂക്കൊസ് 6:46). യാക്കൊബിന്റെ ലേഖനത്തിൽ യാക്കൊബ് വിശ്വാസവും പ്രവൃത്തിയും ഓരോരുത്തരിലും വേണമെന്ന് പറയുന്നുണ്ട്. "സഹോദരന്മാരേ, ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ടു എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ? ഒരു സഹോദരനോ

സഹോദരിയോ നഗ്നരും അഹോവൃത്തിക്കു വകയില്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോടു സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കയും ചെയ്‌വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷക്കു ആവശ്യമുള്ളത് അവർക്കു കൊടുക്കാതിരുന്നാൽ ഉപകാരം എന്ത്? അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവേ നിർജ്ജീവമാകുന്നു" (യാക്കോബ് 2:14-17).

വിശ്വാസം മാത്രം മതി എന്നു ബൈബിളിൽ ഒരു സ്ഥലത്തും പറയുന്നില്ല. പക്ഷേ ഇന്നു ആളുകൾ അങ്ങനെ ധരിച്ചു വെച്ചിട്ടുള്ളവർ ഉണ്ട്. അതു അവർ വചനം വസ്തുനിഷ്ഠമായി മനസ്സിലാക്കാത്തതുകൊണ്ടാണ്. അപൂർണ്ണമായ അറിവു വെച്ചുകൊണ്ടാണ് അവർ അങ്ങനെ ധരിച്ചുവെച്ചിരിക്കുന്നത്. ഏതെങ്കിലും ഒരു വാക്യം സന്ദർഭം നോക്കാതെ നാം തീർപ്പാക്കരുത്. സന്ദർഭം മുഴുവൻ വായിച്ച് അതിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു എന്നു നോക്കണം. ഉദാഹരണമായി പ്രവൃത്തികളുടെ പുസ്തകം 16-ാം അദ്ധ്യായത്തിൽ "കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" എന്നു പറയുന്നുണ്ട്. പക്ഷേ താഴോട്ടു നാം വായിച്ചാൽ അവർ അവിടെ മാനസാന്തരപ്പെട്ടു സ്നാനമേല്ക്കുന്നതായി കാണാം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് വേദഭാഗത്തിലെ ഒരു ഭാഗം മാത്രം എടുത്ത് അതു മാത്രം മതി എന്നു തീരുമാനിക്കരുത്. വിശദമായ പഠനത്താലേ കാര്യങ്ങൾ പൂർണ്ണമായി ഗ്രഹിക്കാനാകൂ.

വിശ്വാസത്താലാണ് മനുഷ്യർ നീതീകരിക്കപ്പെടുന്നത്. പക്ഷേ വെറും വിശ്വാസത്താലല്ല താനും. വിശ്വാസം പൂർണ്ണമാകുന്നതു പ്രവൃത്തിയാലാണ് (യാക്കോബ് 2:24). ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാണ് (യാക്കോബ് 2:26). അതിനർത്ഥം നാം പ്രവൃത്തികളാൽ രക്ഷിക്കപ്പെടും എന്നാണോ? ഒരിക്കലുമല്ല. വിശ്വാസമില്ലാത്ത പ്രവൃത്തിയും പ്രവൃത്തിയില്ലാത്ത വിശ്വാസവും ദൈവസന്നിധിയിൽ സ്വീകാര്യമല്ല. വിശ്വാസത്തോടു കൂടിയുള്ള പ്രവൃത്തി എന്നു പറയുമ്പോൾ അനുസരണം. അനുസരണമില്ലാത്ത വിശ്വാസം നിഷ്ഫലമത്രെ. ചിലർ വിശ്വസിക്ക മാത്രം ചെയ്യുന്നു. വേറെ ചിലർ പ്രവൃത്തി മാത്രം ചെയ്യുന്നു. ഇവ രണ്ടും ചേർന്നതാണ് ദൈവപദ്ധതി. വേറൊരു വിധത്തിൽ പറഞ്ഞാൽ ദൈവം പറഞ്ഞിരിക്കുന്ന

തെല്ലാം അനുസരിക്കുന്നവർക്കു വേണ്ടത്ര വിശ്വാസം വേണമെന്നു ചുരുക്കം: പ്രവർത്തിക്കുന്ന വിശ്വാസമാണ് രക്ഷിക്കുന്ന വിശ്വാസം.

ഇനി നമുക്കു രക്ഷിക്കുന്ന വിശ്വാസത്തെ അടുത്ത് ഒന്നു നോക്കാം. ആദ്യമായി ഈ വിശ്വാസം വരുന്നത് എങ്ങനെ എന്നു നോക്കാം. പൗലൊസ് പറയുന്നു, "വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു" (റോമർ 10:17). ഒരു ദൈവമുണ്ടെന്നു ബോധ്യമാകണം. അതിനാണ് ക്രിസ്തുവിന്റെ വചനം കേൾക്കണം എന്നു പറയുന്നത്. ക്രിസ്തു വന്നു ദൈവത്തെ വെളിപ്പെടുത്തി. അവന്റെ വചനം ജീവനും ആത്മാവുമാകുന്നു. പ്രത്യേകമായി നാം ചെയ്യേണ്ടതായ ദൈവേഷ്ടം വെളിപ്പെടുത്തിയിട്ടുണ്ട്. അതിൽ രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്നും പറഞ്ഞിരിക്കുന്നു. അതു വായിച്ചറിയുകയോ കേട്ടറിയുകയോ വേണം. ലോകത്തിൽ ദുരുപദേശങ്ങൾ പല കോണുകളിലൂടെ കേൾക്കാം. പക്ഷേ നമ്മുടെ കടമ നാം പരിശോധിച്ച് ഉറപ്പു വരുത്തണം എന്നതാണ്. സർവ്വ ലോകത്തിലും സുവിശേഷം പ്രസംഗിക്കുവാൻ കർത്താവു കല്പന കൊടുത്തു അപ്പൊസ്തലന്മാർ അതു പ്രാവർത്തികമാക്കി. അതേ സുവിശേഷം വിശ്വസ്ത മനുഷ്യരെ ഏല്പിച്ചു സകല സൃഷ്ടികളോടും അറിയിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. ക്രിസ്തു മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു. അതു വ്യക്തിപരമായി എന്റെ പാപങ്ങൾക്കു വേണ്ടിയാണെന്നു ഞാൻ വിശ്വസിക്കണം. വിശ്വാസം കൂടാതെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല (എബ്രായർ 11:6). വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തത് ഒക്കെയും പാപം ആകുന്നു (റോമർ 14:23).

ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കയും വായി കൊണ്ട് രക്ഷക്കായി ഏറ്റുപറയുകയും വേണം (റോമർ 10:10). അപ്പൊസ്തലന്മാർ വിഷമിച്ചിരുന്നപ്പോൾ കർത്താവ് അവരോടു പറഞ്ഞതു ദൈവത്തിലും എന്നിലും വിശ്വസിപ്പിൻ എന്നാണ്. രക്ഷക്കു വിശ്വാസം അനിവാര്യമാണ്. കാരണം ദൈവമാണ് നമ്മെ രക്ഷിക്കേണ്ടത്. രക്ഷക്കു ഏറ്റുപറച്ചിലും ആവശ്യമാണ്. • വിശ്വാസമാണ് ഏറ്റുപറയേണ്ടത്. അതിനർത്ഥം ഒരാളെ വിശ്വാസവും ഏറ്റുപറച്ചിലും രക്ഷയിലേക്കു നയിക്കുന്നു എന്നാണ്. എങ്ങനെയായാലും ഒരാളുടെ വിശ്വാസം കൊണ്ടോ ഏറ്റുപറച്ചിൽ കൊണ്ടോ മാത്രം ഒരാൾ രക്ഷിക്കപ്പെടുന്നില്ല. ദൈവത്തിന്റെ പദ്ധതിയിൽ മുഴുവൻ

നാം വിശ്വാസവും അനുസരണവുമുള്ളവരാകണം. ദൈവകല്പനകളിൽ ഒന്നും നമുക്കു മാറ്റിനിർത്താനാവുകയില്ല.

മാനസാന്തരവും സ്നാനവും കർത്താവു കല്പിച്ചിട്ടുള്ള കല്പനകൾ ആകുന്നു. അവയെ മാറ്റി നിർത്തുകയോ അതിന്റെ ഉദ്ദേശത്തെ മാനിക്കാതെ ചടങ്ങായി അതു ചെയ്യുന്നുവെങ്കിൽ നാം ദൈവത്തിന്റെ രക്ഷയിൽ നിന്നും അകലെയായിരിക്കും. പാപം എന്നതു ദൈവകല്പനകളെ ലംഘിക്കുന്നതാണ്. പാപത്തെ വിട്ടു ദൈവകല്പനയിലേക്കുള്ള തിരിയൽ ആണ് മാനസാന്തരം. ഒരാൾ പാപത്തിൽ തുടർന്നു ജീവിച്ചുകൊണ്ട് ദൈവത്തിൽ നിന്നു രക്ഷ പ്രാപിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് നാം കർത്താവിന്റെ ഇഷ്ടത്തിനു വിപരീതമായി പ്രവർത്തിക്കുന്നതു അവസാനിപ്പിക്കണം. നാം മാനസാന്തരപ്പെട്ടില്ലെങ്കിൽ അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊസ് 13:3). ദൈവം എല്ലാവരോടും മാനസാന്തരപ്പെടുവാൻ കല്പിച്ചിരിക്കുന്നു. പത്രൊസ് തന്റെ പ്രസംഗത്തിൽ ഓരോരുത്തൻ മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിന്റെ നാമത്തിൽ പാപങ്ങളുടെ മോചനത്തിനായി സ്നാനമേല്പിൻ എന്നു പറഞ്ഞിരിക്കുന്നു (പ്രവൃത്തികൾ 2:38). അപ്പോൾ സത്യം ഇതാണ് എന്നു ബോധ്യപ്പെട്ടാൽ നാം എന്തുചെയ്യും? ദൈവം തന്റെ ഹിതം വെളിപ്പെടുത്തിയിരിക്കുന്നതു നാം അതു അനുസരിക്കുവാനാണ്. നാം അതു നിഷേധിച്ചാൽ കർത്താവിനു എങ്ങനെ നമ്മെ രക്ഷിക്കാൻ കഴിയും? അതിനർത്ഥം പൂർണ്ണമായി അവനെ വിശ്വസിക്കുന്നില്ല എന്നല്ലേ? അവനെ വിശ്വസിച്ച് അനുസരിച്ചില്ലെങ്കിൽ നാം രക്ഷിക്കപ്പെടുകയില്ല.

ദൈവപുത്രനായിട്ടാണ് യേശു ഇവിടെ വന്നത്. പ്രവചന നിവർത്തീകരണമായിരുന്നു യേശുവിന്റെ കന്യകാജനനം. ദൈവാത്മാവിനാൽ ജനിച്ച് ദൈവപുത്രനായി. ആ ആശയം ദൈവത്തിന്റേതായിരുന്നു. ദൈവ പദ്ധതി നടപ്പാക്കുവാനാണ് ദൈവപുത്രൻ വന്നത്. ഇതു നാം വിശ്വസിക്കണം. ആ വിശ്വാസമാണ് ഏറ്റു പറയേണ്ടത് (പ്രവൃത്തികൾ 8:37). ഏറ്റു പറച്ചിൽ രക്ഷക്കുള്ളതാണ് (മത്തായി 10:32). ഇതിൽ നിന്നും ആർക്കും ഒഴിഞ്ഞു മാറാനാവില്ല. കാരണം അനുസരണം ബലിയേക്കാൾ ഉത്തമമാണ്. അവസാനമായി പാപമോചനത്തിനായുള്ള സ്നാനവും രക്ഷയുടെ ഭാഗമാണ്. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നു കർത്താവു കല്പിച്ചിരിക്കുന്നു (മർക്കൊസ് 16:16). പത്രൊസും

പറഞ്ഞിരിക്കുന്നതു സ്നാനം നമ്മെ രക്ഷിക്കുന്നുവെന്നാണ് (1 പത്രൊസ് 3:21). സുവിശേഷം അനുസരിക്കുക എന്നാൽ ഇതാണ്. എന്നാൽ അവിടെ തീരുന്നില്ല. ഒരാൾ രക്ഷക്കുള്ള വചനം വിശ്വാസത്തോടെ അനുസരിച്ചു കഴിഞ്ഞാൽ തുടർന്നുള്ള ക്രിസ്തീയ ജീവിതം വിശ്വസ്തമായി നയിക്കണം. മരണത്തോളം വിശ്വസ്ത ജീവിതം നയിച്ചാൽ മാത്രമേ ആത്മാവിനു നിത്യജീവൻ ലഭിക്കുകയുള്ളു (വെളിപ്പാട് 2:10).

*

## മാഹാത്മ്യത്തിന്റെ അളവ്

റിച്ചാർഡ്. എസ്. എൽ

മാഹാത്മ്യത്തെ നാം വിലയിരുത്തുമ്പോൾ, മനുഷ്യരെ സംബന്ധിച്ച് അതു ദൈവ മനുഷ്യർ വിലയിരുത്തിയിട്ടുണ്ട്. ആ നിലവാരം ഒന്നിനൊന്ന് എതിരാണെന്നു മാത്രം. പ്രധാന നേട്ടങ്ങളുടെ അടിസ്ഥാനത്തിന്മേലാണ് അതു കണക്കാക്കുന്നത്. നേട്ടങ്ങളുടെ കണക്കു നോക്കി നിലവാരം കണക്കാക്കുന്ന സമൂഹമാണ് നമ്മുടേത്. ചിലർക്ക് നേട്ടം കുറവായിരിക്കും. വേറെ ചിലർക്ക് നേട്ടങ്ങൾ അധികമാകും. മറ്റുള്ളവരിൽ നിന്നു ശാരീരികവും മാനസികവുമായ കഴിവുകൾ കണക്കിലെടുത്ത് ചെറുതും വലുതും എന്ന് വിലയിരുത്തുന്നു. മഹാന്മാരായ ആളുകൾ ആദരിക്കപ്പെടും, ബഹുമാനിക്കപ്പെടും, മറ്റുള്ളവർക്ക് അവരോട് അസൂയയുമുണ്ടാകും. വലിയ ആളുകൾ അവരുടെ ശക്തിയും സമ്പത്തും നിമിത്തം പ്രശംസിക്കപ്പെടും.

ഉയർന്ന ആളുകളോടും താഴ്ന്ന ആളുകളോടും ഉള്ള പെരുമാറ്റത്തിൽ സമൂഹം സ്ഥിരീകരിച്ച ഒരു പെരുമാറ്റച്ചട്ടമുണ്ട്. അത്തരം പെരുമാറ്റം ക്രിസ്ത്യാനികൾ ഓരോ നിമിഷവും ഏറ്റുമുട്ടേണ്ടതായി വരുന്നു. വിധിക്കാതെ തന്നെ ലോകത്തിന്റെ മാഹാത്മ്യത്തിൽ അടങ്ങിയിരിക്കുന്ന കെണി നാം മനസിലാക്കണം. ലോകം എങ്ങനെ അതിനെ കാണുന്നു എന്നും ശ്രദ്ധിക്കണം. നല്ല ആളുകൾ എന്നു ലോകം പറയുന്ന സൗന്ദര്യമുള്ളവരെ നമുക്ക് ഇഷ്ടമാണ്. നല്ല വസ്ത്രം ധരിക്കുന്നവരെയും മോശമായ വസ്ത്രം ധരിക്കുന്നവരെയും നാം കാണാറുണ്ട്. മോടിയുള്ള വസ്ത്രം ധരിച്ച് സഭയിൽ വരുന്നവരെ ഒരു വിധത്തിലും മോടിയില്ലാത്ത വസ്ത്രം ധരിച്ച് വരുന്നവരോട് നാം വേറൊരു വിധത്തിലുമാണോ പെരുമാറുന്നത്? (യാക്കോബ് 2:1-7).

മാഹാത്മ്യത്തെക്കുറിച്ച് യേശു ഉപദേശിച്ചിട്ടുള്ള കാര്യങ്ങൾ ലോകത്തിന് അനുഭവിക്കാൻ കഴിഞ്ഞിട്ടില്ല. കാരണം അവർ അതു തങ്ങളുടെ ജീവിതത്തിൽ ഉപയോഗിച്ചിട്ടില്ല. ലോകത്തിന്റെ മാഹാത്മ്യ നിലവാരം വിട്ടുകളഞ്ഞ് ക്രിസ്തുവിന്റെ മാഹാത്മ്യ നിലവാരം നമ്മിൽ ആക്കുവാൻ നാം നമ്മെത്തന്നെ ശൂന്യമാക്കണം. ദൈവമക്കൾ തങ്ങളുടെ കാഴ്ച്ചപ്പാട് ലോകത്തിന്റേതിൽ നിന്നു മാറ്റണം. ദൈവിക നിലവാരത്തിൽ നാം യഥാർത്ഥ മാഹാത്മ്യത്തെ തിരിച്ചറിയണം. അതു തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതുവരെ നാം യഥാർത്ഥ ക്രിസ്ത്യാനികളായി ജീവിക്കുന്നില്ല.

ശരിയായ പാത, യേശു തന്റെ ഉപദേശത്തിൽ കൂടെയും ജീവിതത്തിൽ കൂടെയും നമുക്കു കാണിച്ചു തരുന്നുണ്ട്. ലോകത്തുള്ള ആളുകളുടെ ചിന്തക്കും കാഴ്ച്ചപ്പാടിനും അപ്പുറമാണ് യേശുവിന്റെ മാതൃക. തങ്ങളിൽ ആരായിരിക്കും വലിയവൻ എന്നു യേശുവിന്റെ അപ്പൊസ്തലന്മാർക്കിടയിൽ ചർച്ച നടന്നിരുന്നു (മത്തായി 18:1-4; 23:11-12; മർക്കൊസ് 9:34-35; ലൂക്കൊസ് 22:26-27). അവരുടെ ആ ചോദ്യങ്ങൾക്കു മറുപടിയായി യേശു താഴ്മ എന്തെന്ന് അവരെ കാണിച്ചു കൊടുത്തു. വലിയവൻ ആകുവാൻ ആഗ്രഹിക്കുന്നവൻ തന്നെത്താൻ താഴ്ത്തപ്പെടണം. തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും. അതിനു നാം നമ്മെക്കാൾ മറ്റുള്ളവർ ശ്രേഷ്ഠർ ആണെന്നു കരുതണം. "ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ" (ഫിലിപ്പിയർ 2:3). നമ്മെക്കാൾ നല്ലവരാണ് മറ്റുള്ളവർ എന്ന ചിന്ത നമ്മിൽ വന്നാൽ സേവിപ്പാൻ നാം താഴ്മ ധരിക്കും.

ലോകത്തിന്റെ ശ്രേഷ്ഠതയും ദൈവനിലവാരത്തിലുള്ള ശ്രേഷ്ഠതയും കൂട്ടിക്കുഴച്ചു മനസിലാക്കിയതുകൊണ്ട് പത്രൊസിന്നു ക്രിസ്തുവിന്റെ സ്വഭാവം തിരിച്ചറിയാൻ കഴിഞ്ഞില്ല. യേശു എന്തിനാണ് ശിഷ്യന്മാരുടെ കാലുകൾ കഴുകിയത് എന്ന് പത്രൊസിനു മനസിലായില്ല. കാലുകൾ കഴുകുന്നതു ഒരു ദാസന്റെ ജോലിയല്ലേ എന്നതായിരുന്നു പത്രൊസിന്റെ ഉള്ളിൽ. അതു കർത്താവു ചെയ്യേണ്ട പ്രവൃത്തിയല്ലല്ലോ. അതുകൊണ്ട് യേശു പത്രൊസിന്റെ കാലുകൾ കഴുകുവാൻ വന്നപ്പോൾ "അരുതു കർത്താവേ" എന്നവൻ പറഞ്ഞു. ആരുടെ മുൻപിലും താഴുവാനുള്ള മനോഭാവം

ഉണ്ടെങ്കിൽ നാം ഉയരും. അല്ലെങ്കിൽ നമുക്ക് ഉയരാൻ സാധ്യമല്ല (യോഹന്നാൻ 13:3–7).

യേശുവിനു മുമ്പ് ആയിരക്കണക്കിനു വർഷങ്ങൾക്കു മുൻപു ജീവിച്ച ആളുകൾ പൊടി നിറഞ്ഞ മൺപാതയിൽ നടന്നു യാത്ര ചെയ്തവരെ ഓർമ്മിച്ചാൽ നമുക്കു കാര്യങ്ങൾ വ്യക്തമാകും. അബ്രഹാം മൂന്നു യാത്രക്കാർക്കു കാൽ കഴുകാൻ വെള്ളവും, വിശ്രമിക്കാൻ സ്ഥലവും, വേണ്ടുവോളം ആഹാരവും നല്കി (ഉല്പത്തി 18:2–5). അബ്രഹാം തന്റെ മകൻ ഇസഹാക്കിനു ഒരു ഭാര്യയെ അന്വേഷിക്കാൻ നാഹോറിലേക്ക് ഒരു വിശ്വസ്ത ദാസനെ അയക്കുന്നുണ്ട്. ആ കുടുംബം അവനും അവനോടു കൂടെയുള്ളവർക്കും കാൽ കഴുകുവാൻ വെള്ളം കൊടുക്കുന്നുണ്ട്. (ഉല്പത്തി 24:32). സോദോം സന്ദർശിച്ച രണ്ടു ദൂതന്മാർക്കു ലോത്ത് അതു തന്നെ ചെയ്യുന്നുണ്ട് (19:1–2).

ആ സംഭവങ്ങൾ എല്ലാം അപരിചിതർക്കു നല്കുന്ന അതിഥി സൽക്കാരത്തെയും സേവനത്തെയും ആണ് സൂചിപ്പിക്കുന്നത്. പക്ഷേ അവയൊന്നും ദാസന്മാരെ വിളിച്ച് അതിഥികളുടെ കാൽ കഴുകുന്നതായി പറയുന്നില്ല. ദാവീദിന്റെ കാലമായപ്പോഴേക്കും സ്ഥിതിഗതികൾ മാറി. അപ്പോഴേക്കും ദാസന്മാരെ ഉപയോഗിച്ച് അതിഥികളുടെ കാൽ കഴുകാൻ തുടങ്ങി (1 ശമുവേൽ 25:40–41). ദാവീദിന്നു ഒരു ഭാര്യയെ എടുക്കാൻ അവന്റെ ദാസന്മാർ കർമ്മേലിൽ ചെന്നപ്പോൾ, അവൾ അവരോടു "എന്റെ യജമാനന്റെ ദാസന്മാരുടെ കാൽ കഴുകുന്ന ഒരു ദാസി" മാത്രമാണ് താൻ എന്ന് അവൾ പറഞ്ഞു (1 ശമുവേൽ 25:41). യജമാനൻ എന്നു അവൾ പറഞ്ഞതു ദാവീദിനെ ഉദ്ദേശിച്ചാണ്.

കാലങ്ങൾ കടന്നുപോയി. യേശുവിന്റെ ജീവിത കാലയളവിലേക്ക് നോക്കാം. അപ്പൊസ്തലന്മാർ യേശുവിന്റെ സ്നാനം മുതൽ അവൻ സ്വർഗ്ഗാരോഹണം ചെയ്യുന്നതുവരെ അനേകം സംഭവങ്ങൾക്കു ദൃക്സാക്ഷ്യം വഹിക്കുന്നുണ്ട്. അവയെല്ലാം നാലു സുവിശേഷങ്ങളിൽ വിവരിച്ചിട്ടുണ്ട്. യേശു തങ്ങളുടെ കർത്താവും യജമാനനുമാണെന്ന് അവർ പൂർണ്ണമായും വിശ്വസിച്ചിരുന്നു. അവർക്കു മുൻപു യേശുവിനു വഴിയൊരുക്കാൻ വന്ന യോഹന്നാൻ സ്നാപകൻ വന്നു പറഞ്ഞത്: "ഞാൻ അവന്റെ ചെരിപ്പിന്റെ വാർ അഴിപ്പാൻ യോഗ്യനല്ല" എന്നാണ് (യോഹന്നാൻ 1:27).

യേശു ഒരു പരീശന്റെ ക്ഷണപ്രകാരം അവന്റെ വീട്ടിൽ ഭക്ഷണത്തിനു ചെന്നു. പാപിയായിരുന്ന ഒരു സ്ത്രീ അവിടെച്ചെന്നു യേശുവിന്റെ പിന്നിൽ നിന്നു കരയാൻ തുടങ്ങി. അവളുടെ കണ്ണുനീർ യേശുവിന്റെ കാലിൽ വീഴാൻ തുടങ്ങി. അവളുടെ കയ്യിൽ തോർത്തി ല്ലാതിരുന്നതുകൊണ്ട് അവൾ തന്റെ തലമുടികൊണ്ട് അവന്റെ കാലു കൾ തുടച്ചു. അവളുടെ ലക്ഷ്യം എന്തായിരുന്നാലും, അവളുടെ സ്നേഹവും താഴ്മയും അവളിൽ ഉണ്ടായിരുന്നതു യേശു തിരിച്ച റിഞ്ഞു. അവൾക്ക് അഹങ്കാരമില്ലായിരുന്നു എന്ന് ആ പ്രവൃത്തി വ്യക്തമാക്കുന്നു. യേശു അവിടെ വാസ്തവത്തിലുള്ള ശ്രേഷ്ഠ തയും പ്രത്യക്ഷമായ ശ്രേഷ്ഠതയും തമ്മിലുള്ള വ്യത്യാസം വിവ രിച്ചു തരുന്നുണ്ട്.

പിന്നെ ആ സ്ത്രീയെ ചൂണ്ടിക്കൊണ്ട് യേശു ശിമോനോടു പറഞ്ഞു, നീ ഈ സ്ത്രീയെ കാണുന്നില്ലേ? ഞാൻ നിന്റെ വീട്ടിൽ വന്നു നീ എന്റെ കാലുകൾക്ക് വെള്ളം തന്നില്ല, പക്ഷേ അവളോ കണ്ണുനീർ കൊണ്ട് എന്റെ കാലുകൾ നനച്ചു, തലമുടി കൊണ്ട് തുവർത്തി. നീ എനിക്കു ചുംബനം തന്നില്ല, എന്നാൽ അവളോ ഞാൻ വന്നതുമുതൽ എന്റെ കാലുകളെ ചുംബിച്ചു കൊണ്ടിരുന്നു. നീ എന്റെ തലയിൽ തൈലം പൂശിയില്ല, ഇവളോ പരിമളതൈലം കൊണ്ട് എന്റെ കാൽ പൂശി. ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു ഞാൻ നിന്നോടു പറയുന്നു. അവൾ വളരെ സ്നേഹിച്ചുവല്ലോ. അല്പം മോചിച്ചു കിട്ടിയവൻ അല്പം സ്നേഹിക്കുന്നു. പിന്നെ അവൻ അവളോട് നിന്റെ പാപ ങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു (ലൂക്കൊസ് 7:44-48).

യോഹന്നാൻ 13-ാം അദ്ധ്യായത്തിൽ യേശു അപ്പൊസ്തല ന്മാരുടെ കാലുകൾ കഴുകിയത് ഒരു ആഘോഷമായോ ചടങ്ങായോ കൊണ്ടാടുവാനല്ല. മറിച്ച് അവൻ അവരെ ഒരു പാഠം പഠിപ്പിക്കയാ യിരുന്നു: "നിങ്ങളിൽ വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകുന്നു" (മത്തായി 23:11). കർത്താവും യജമാനനുമായ ഒരാൾ ഏറ്റവും താഴ്ന്ന ഒരു ദാസന്റെ പ്രവൃത്തി ചെയ്യുമ്പോൾ ലോക ത്തിന്റെ ശ്രേഷ്ഠത തകിടം മറിയുകയാണ്. ലോകത്തിന്റെ മാഹാത്മ്യം നേരെ മറിച്ചാണ്. ഇവിടെ നാം മനസിലാക്കേണ്ടത് എന്തെന്നാൽ സ്നേഹം നിർവ്യാജവും അഹങ്കാരമില്ലാത്തതും, താഴ്മ പ്രതിഫലം പ്രതീക്ഷിക്കാത്തതുമായിരിക്കണം എന്നാണ്.

നമ്മെക്കാൾ മറ്റുള്ളവർ ശ്രേഷ്ഠരാണ് എന്ന് നാം വാസ്തവത്തിൽ കണക്കാക്കണം. ഈ ശ്രേഷ്ഠത നാം ലോകത്തിന്നു കാണിച്ചു കൊടുക്കണം. ദൈവ ഭവനത്തിലുള്ളവർ ക്രിസ്തുവിന്റെ സ്വഭാവം ഉള്ളവരായാൽ സ്വർഗ്ഗം സന്തോഷിക്കും.

★

സ്ത്രീകൾക്കു വേണ്ടി

# തെറ്റായ തീരുമാനങ്ങൾ- നിത്യമായ അനന്തരഫലങ്ങൾ

ബെറ്റി ബർട്ടൺ ചോട്ട്

## ഒരാളുടെ കുട്ടികളെ അച്ചടക്കത്തിൽ വളർത്തുകയോ പരിശീലിപ്പിക്കയോ ചെയ്യാതിരിക്കൽ

പ്രത്യുല്പാദനം എല്ലാ ജീവജാലങ്ങൾക്കും ദൈവം നല്കിയിട്ടുള്ള കഴിവാണ്. സ്വാഭാവികമായും അതു നിലനില്പിനു അത്യന്താപേക്ഷിതവുമാണ്. അതിനെക്കുറിച്ച് അധികം ചർച്ച ചെയ്യേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ആദ്യത്തെ അനുഗ്രഹം ഉൾക്കൊള്ളുന്ന കല്പനയാണിത്. ആദാമിന്നും ഹവ്വക്കും സന്താന പുഷ്ടിയുള്ളവരാകുവിൻ എന്നതായിരുന്നു അത് (ഉല്പത്തി 1:28). ഓരോന്നിനും അതാതിന്റെ വർഗ്ഗത്തിൽ തന്നെയുള്ള പ്രത്യുല്പാദനമേ സാധ്യമാകു. കാരണം ദൈവം അങ്ങനെയാണ് സൃഷ്ടിതം നടത്തിയത്. സകലത്തിന്റെയും ഉല്പത്തിയും ഉറവിടവും നാം മനസിലാക്കിയാൽ ഈ കാര്യങ്ങൾ തിരിച്ചറിയാൻ വിഷമം ഉണ്ടാവുകയില്ല.

സ്ത്രീയും പുരുഷനും വിവാഹബന്ധത്തിൽ ഒന്നു ചേർന്നു കുടുംബ ജീവിതം ആരംഭിക്കുന്നു. ചിലപ്പോൾ ചില മാതാപിതാക്കൾ ആലോചിച്ച് കുട്ടികൾ ജനിക്കേണ്ട സമയം ക്രമീകരിക്കും; എത്ര കുട്ടികൾ വേണമെന്ന് ആലോചിക്കും. വേറെ ചിലർ അതൊന്നും വലിയ കാര്യമാക്കുകയില്ല. കുട്ടികൾ ജനിച്ചു കഴിയുമ്പോൾ അവർ ഓരോ പദ്ധതി തയ്യാറാക്കും. കുട്ടികളെ എങ്ങനെ വളർത്തും എന്നും ഏതെല്ലാം രീതിയിൽ അവർക്കു വിദ്യാഭ്യാസം കൊടുക്കണം, അവർക്കു കൊടുക്കേണ്ട പരിശീലനം എന്നിവയെല്ലാം മാതാപിതാക്കൾ ചർച്ച ചെയ്യും. അധികം പേരും ആത്മിയമായി കുട്ടികളെ അഭ്യസിപ്പിക്കേണ്ടതിനെ കുറിച്ചു ചിന്തിക്കാറില്ല.

ലോകപ്രകാരം അവരെ നല്ല നിലയിൽ എത്തിക്കുക എന്നതാണ് അവരുടെ ലക്ഷ്യം. എന്നാൽ ശാരീരികമായും മാനസികമായും ആത്മികമായും അവർ വളരേണ്ടതായുണ്ട്. നാം അവരുടെ ഉടുപ്പിനേക്കാൾ ശരീരത്തെയും ശരീരത്തേക്കാൾ ആത്മാവിനേയും കുറിച്ചു ചിന്തിക്കണം.

അവർ ഉല്പാദിപ്പിക്കുന്ന ശിശുക്കൾ നിസ്സഹായരാണ്. അവരോടുള്ള മാതാപിതാക്കളുടെ ഉത്തരവാദിത്വം നാം അറിഞ്ഞിരിക്കണം. തീരുമാനങ്ങൾ എടുക്കുമ്പോൾ ഏറ്റവും നല്ല തീരുമാനങ്ങൾ എടുക്കണം. തങ്ങൾക്കു പോറ്റുവാനോ, വസ്ത്രങ്ങളും, വിദ്യാഭ്യാസവും നല്കുവാനോ കഴിയാത്ത രീതിയിൽ മക്കളെ ജനിപ്പിക്കരുത്. അതായതു തങ്ങളുടെ പ്രവൃത്തികൾ മറ്റുള്ളവർക്കു ഭാരമായി തീരരുത്. തിരുവെഴുത്തു പറയുന്നത് "തനിക്കുള്ളവർക്കും പ്രത്യേകം സ്വന്ത കുടുംബക്കാർക്കും വേണ്ടി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞു അവിശ്വാസിയേക്കാൾ അധമനായിരിക്കുന്നു" (1 തിമൊഥെയൊസ് 5:8).

ഭൗതിക കാര്യങ്ങളിൽ മാത്രം കുട്ടികളെ വളർത്തുന്നവർ ശ്രദ്ധിച്ചാൽ മറ്റൊരു വശം ബലഹീനമായി പോകും. തുടർച്ചയായി അവരെ ഉപദേശിക്കയും പരിശീലിപ്പിക്കയും വേണം. കുട്ടിയായിരിക്കുമ്പോൾ തന്നെ ജ്ഞാനത്തിലും സ്നേഹത്തിലും വളർന്നു പക്വതയുള്ള ദർശനത്തിൽ ഗമിക്കണം. കളിമണ്ണ് ആയിരിക്കുമ്പോൾ അതിനു രൂപഭേദം വരുത്താം. പിന്നീട് സാദ്ധ്യമല്ല. അതുപോലെ ബാല്യത്തിൽ കുട്ടികളെ സൽസ്വഭാവത്തിൽ പോറ്റി വളർത്തണം. അപ്പോൾ അവൻ അല്ലെങ്കിൽ അവൾ വളർന്നു വലുതായാലും അതിനു മാറ്റം വരികയില്ല. അതാണ് എല്ലാ മാതാപിതാക്കളും ശ്രമിക്കേണ്ടത്.

സദൃശവാക്യങ്ങൾ 22:6-ൽ നല്കിയിരിക്കുന്ന സന്ദേശം ഒരു വാഗ്ദാനം തന്നെയാണ്. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക, വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" "തൊട്ടിലിലെ ശീലം ചുടല വരെ" എന്ന പഴഞ്ചൊല്ല് ഉണ്ടായത് ഈ സത്യവചനത്തിൽ നിന്നാണ്. നേരായ പാത കുട്ടികൾ മനസിലാക്കിയാൽ അവർ പിന്നെ വളഞ്ഞ വഴിയിൽ സഞ്ചരിക്കയില്ല.

എന്നാൽ യുവ മാതാപിതാക്കൾ പലപ്പോഴും അവരുടെ കുട്ടികളെ നിയന്ത്രിക്കുന്നതിൽ പരാജയപ്പെടുന്നു. ചിലർ നിയന്ത്രിക്കു

ന്നതു ലോകപ്രകാരമുള്ള നിർദ്ദേശങ്ങൾ അനുസരിച്ചാണ്. കുട്ടികൾ ചിലപ്പോൾ ബാല്യത്തിൽ കുസൃതിക്കാരായിരിക്കും. ചില കുട്ടികൾ വളരെ ശാന്തരുമായിരിക്കും. എന്നാൽ അവർ ചെയ്യേണ്ട കാര്യങ്ങളും ചെയ്യരുതാത്ത കാര്യങ്ങളും ഉണ്ട്. അവർ പറയേണ്ട കാര്യങ്ങളും പറയരുതാത്ത കാര്യങ്ങളും ഉണ്ട്. കർശനമായ നിയന്ത്രണം കുട്ടികളിൽ വരുത്താൻ ഭയപ്പെടുന്ന മാതാപിതാക്കൾ ഉണ്ട്. കുട്ടികളുടെ മനസിനെ അതു പ്രതികൂലമായി ബാധിക്കും എന്ന ചിന്തയാണ് അവർക്കുള്ളത്. തെറ്റു ചെയ്യുന്ന കുട്ടികളെ ശിക്ഷിക്കാതിരുന്നാൽ അത് അവർക്ക് പ്രചോദനമായി തീരും. ബാല്യത്തിൽ അവർക്കു തെറ്റും ശരിയും മനസിലാക്കാൻ കഴിയുകയില്ല. അവർ പ്രായമാകുമ്പോൾ ശരിയായിക്കൊള്ളും എന്നു വിചാരിക്കുന്നവർ തങ്ങളുടെ കുട്ടികളെ വഷളാക്കുകയാണ് എന്നു പറഞ്ഞുകൊള്ളട്ടെ.

കുട്ടികൾ വളർന്നു കഴിഞ്ഞാൽ മാതാപിതാക്കൾക്കു അവരെ നിയന്ത്രിക്കാൻ ബുദ്ധിമുട്ടുണ്ടാകും. ബഹളമുണ്ടാക്കി, ഓടിച്ചാടി അതും ഇതും നശിപ്പിക്കുന്ന കുട്ടികൾ മാതാപിതാക്കൾക്കു ശല്യമാണ്. ആ കുട്ടികളെ നോക്കുന്നവർക്കും അതു ഇഷ്ടമാകയില്ല. അത്തരം കുട്ടികൾ സ്കൂളിൽ ചെന്നാലും അതേ രീതിയിൽ പ്രവർത്തിക്കും. അതു മറ്റു കുട്ടികൾക്കും അദ്ധ്യാപകർക്കും പ്രയാസം വരുത്തും. മാതാപിതാക്കളുടെ നിയന്ത്രണം ലഭിച്ച കുട്ടികൾ അച്ചടക്കത്തിൽ ഇരിക്കും. അദ്ധ്യാപകർ സ്കൂളിൽ വെച്ച് കുട്ടികളെ ശിക്ഷിക്കേണ്ടി വരുന്നത് ഇതുകൊണ്ടാണ്. കുട്ടിയെ ശാസിക്കുന്നതുകൊണ്ടോ ശിക്ഷിക്കുന്നതുകൊണ്ടോ, തള്ളിക്കളയുകയോ അവരെ സ്നേഹിക്കാതിരിക്കയോ അല്ല. സ്നേഹിക്കുന്ന മാതാപിതാക്കൾ കുട്ടികളുടെ ഭാവി നന്നാകണം എന്നു വിചാരിച്ച് പ്രവർത്തിക്കും. സ്നേഹിക്കാത്ത മാതാപിതാക്കളാണ് കുട്ടികളെ നേരായ രീതിയിൽ ബാലശിക്ഷയിൽ വളർത്താതിരിക്കുന്നത്. സ്നേഹമില്ലാത്ത, ക്രൂരമായ പെരുമാറ്റമല്ല കൊടുക്കേണ്ടത്. മറിച്ച് സ്നേഹത്തോടു കൂടിയുള്ള ശിക്ഷണം കൊടുക്കണം. ആ കാര്യത്തിൽ നാം ഒരു വിട്ടുവീഴ്ചയും വരുത്തരുത്.

മാതാപിതാക്കളുടെ കർത്തവ്യം കുട്ടികളെ അച്ചടക്കത്തിൽ വളർത്തുക എന്നതാണെന്നു പറഞ്ഞുവല്ലോ. അതിനു നിങ്ങൾ അമാന്തം വിചാരിച്ചാൽ നിങ്ങൾ ഒടുവിൽ മക്കൾ നിമിത്തം ദുഃഖിക്കേണ്ടി വരും. നിങ്ങൾക്കു ലഭിക്കുന്ന സമയവും ഊർജ്ജവും കുട്ടികളുടെ സുഖത്തിനു വേണ്ട സമ്പാദ്യം ഉണ്ടാക്കുക എന്നതാ

ണെങ്കിൽ നിങ്ങളുടെ ആ ചിന്ത മാറ്റി എടുക്കണം. സമ്പത്തിനേക്കാൾ നിങ്ങളുടെ കുട്ടിയുടെ സ്വഭാവ രൂപീകരണത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടത്. അവർക്കു ആവശ്യമായ ആഹാരവും വസ്ത്രവും പാർപ്പിടവും കൊടുക്കേണ്ട എന്നല്ല ഞാൻ പറഞ്ഞതിന്റെ സാരം. അതിനേക്കാൾ സാമൂഹ്യമായ അംഗീകാരത്തിനു സമൂഹത്തിൽ ഉയർന്ന സ്ഥാനം കുട്ടികൾക്കു ലഭിക്കണം എന്ന ഉദ്യമത്തിൽ ആയിരിക്കുന്നവരുണ്ട്. ആ ലക്ഷ്യമാണ് മാറ്റേണ്ടത്.

നിങ്ങൾ ഓർക്കേണ്ട കാര്യം, ഭാവിയിലെ മാതാപിതാക്കൾക്കാണ് നിങ്ങൾ രൂപം കൊടുക്കുന്നത്. നിങ്ങൾ എങ്ങനെ നിങ്ങളുടെ മക്കൾക്കു പരിശീലനം കൊടുക്കുന്നുവോ അതേ രീതിയിലാണ് അവർ അവരുടെ മക്കൾക്കു പരിശീലനം കൊടുക്കുന്നത്.

ഈ പരിശീലനത്തിൽ ഓർമ്മിക്കേണ്ട കാര്യങ്ങൾ പലതുണ്ട്:

- ഒരു കല്പന പുറപ്പെടുവിക്കുന്നതിനു മുൻപ്, അല്ലെങ്കിൽ ഒരാവശ്യം ഉന്നയിക്കുമ്പോൾ "അതെ" അല്ലെങ്കിൽ "അല്ല" എന്നു പറയുന്നതു ശ്രദ്ധിച്ചു വേണം. സാഹചര്യത്തിന്റെ സമ്മർദ്ദം നോക്കണം. ചില കാര്യങ്ങളിൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. മറ്റു ചിലതിൽ അതു ആവശ്യവുമില്ല. കാര്യഗൗരവത്തോടെ വേണം അതു ചെയ്യുവാൻ.

- നിങ്ങൾ ചിലതു പറയുമ്പോൾ അതിൽ സമ്മർദ്ദം ചെലുത്തുക. അങ്ങനെ മാത്രമേ നിങ്ങളുടെ കുട്ടികൾ പെരുമാറ്റത്തിന്റെ അതിർ വരമ്പുകൾ ലംഘിക്കാതിരിക്കയുള്ളു. നിങ്ങളാണ് അവരുടെ സഹായി. നിങ്ങളുടെ ഉത്തരവാദിത്വം ഗൗരവമായി എടുക്കണം. അവൻ ഇരിക്കേണ്ട ആവശ്യമില്ലെങ്കിൽ ഇരിക്കാൻ പറയരുത്. എന്നാൽ നിങ്ങൾ ഒരു കാര്യം പറഞ്ഞാൽ അനുസരിക്കാതിരിക്കാൻ അനുവദിക്കരുത്.

- അനുസരിക്കുമ്പോൾ പ്രശംസിക്കയും പുകഴ്ത്തുകയും ചെയ്യുക. അനുസരിക്കുന്നതിനു അംഗീകാരവും പ്രതിഫലവും കൊടുക്കുമ്പോൾ അനുസരിക്കാതിരുന്നാൽ തിരുത്തലും ശിക്ഷയും ആവശ്യമാണ്. (1) വാക്കുകൊണ്ടുള്ള തിരുത്തൽ (2) ചില നേട്ടങ്ങൾ തടഞ്ഞു വെക്കുക (3) അനുസരിക്കാൻ തയ്യാറാകുന്നതുവരെ ഒരു കസേരയിലോ മറ്റെവിടെയെങ്കിലുമോ ഒറ്റക്കിരുന്ന് ഒരു വടി കൊണ്ട് ശിക്ഷിക്കാം. (4) ഏതു വിധത്തിലുള്ള ശിക്ഷയാണ് അനുയോജ്യമെന്നു ചിന്തിച്ച് ചെയ്യുക.

- അനുസരണക്കേടിനു ശിക്ഷിക്കുമ്പോൾ അവരുടെ മുൻപിൽ ചിരിക്കരുത്. മാതാപിതാക്കൾ അല്പം ശ്രദ്ധിച്ചാൽ

കുട്ടികൾ വലിയ അബദ്ധങ്ങൾ ചെയ്യാതിരിക്കും. ഒരു കുട്ടിയെ എടുത്ത് എളിയിൽ ഇരുത്തുന്ന സമയം ആ കുട്ടി എടുക്കുന്ന ആളുടെ മുഖത്ത് അടിക്കുമ്പോൾ കുട്ടിയല്ലേ, കളിയായി ചെയ്തതാണെന്ന ഭാവത്തിൽ ചിലർ അതിനെ ചിരിച്ച് തള്ളും. എന്നാൽ ആ കുട്ടിയുടെ കൈ പിടിച്ച് ഗൗരവത്തിൽ "അരുത്" എന്ന് മുന്നറിയിപ്പു കൊടുക്കുകയാണ് വേണ്ടത്. അതേ സമയം ആ കുട്ടി അങ്ങനെ അടിക്കുമ്പോൾ ഞാൻ ചിരിച്ചാൽ, കുട്ടി വിചാരിക്കും അതു നല്ല തമാശയാണെന്ന്. അതു വീണ്ടും വീണ്ടും ആവർത്തിക്കും. അങ്ങനെ മുന്നറിയിപ്പ് കൊടുത്താൽ അതാവർത്തിക്കയില്ല.

- ബാല്യത്തിൽ തന്നെ ആത്മീയ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കണം. തൻനിമിത്തം അവർ ദൈവവുമായി ശരിയായ ബന്ധത്തിൽ ജീവിക്കാൻ തുടങ്ങും. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റിത്തരുന്ന സ്നേഹവാനായ പിതാവിനെ അവർ തിരിച്ചറിയണം. ജീവിതത്തിലെ പ്രതിസന്ധികൾ വരുമ്പോൾ ദൈവം അവന്റെ സങ്കേതമായിട്ടുണ്ട് എന്ന തോന്നൽ ആ കുട്ടിയിൽ വളർത്തിയെടുക്കണം.

പലപ്പോഴും ഭൗതികകാര്യങ്ങളും ആത്മീക കാര്യങ്ങളും തമ്മിൽ തിരഞ്ഞെടുക്കേണ്ട സമയത്ത് പോരാട്ടങ്ങൾ അനുഭവപ്പെടും. ഞായറാഴ്ച ആരാധനയുള്ളപ്പോൾ ക്രിക്കറ്റ് കളി ഇഷ്ടപ്പെടുന്ന കുട്ടി എന്തു തീരുമാനം എടുക്കും? എന്നാൽ അതിനു മാതാപിതാക്കളുടെ നിർദ്ദേശം പാലിക്കുകയാണ് വേണ്ടത്. അപ്പനും അമ്മയും കുട്ടികൾക്കു മാതൃകയായിരിക്കണം. ദിവസേന ഇടവിടാതെയുള്ള പ്രാർത്ഥനയും ബൈബിൾ വചനവും അവരുടെ പോരായ്മകൾ കണ്ടെത്തി ദൈവസന്നിധിയിൽ തികഞ്ഞവരാക്കുവാൻ ജീവിക്കുന്ന വചനം, അവർ സ്വായത്തമാക്കും.

★

## ഇതു ബൈബിൾ അനുസാരമോ

റിച്ചാർഡ് ഡബ്ലിയു

ചില സന്ദർഭങ്ങളിൽ ആളുകൾ എന്നോടു ചോദിച്ചിട്ടുണ്ട്. "എന്താണ് നിങ്ങളുടെ സഭയ്ക്കുള്ള വ്യത്യാസം?" എന്ന്. അതു നല്ലൊരു ചോദ്യമാണ്. ക്രിസ്തുവിന്റെ സഭകൾക്കുള്ള പ്രത്യേകത മറ്റു സഭകൾക്കില്ലാത്തത് എന്തെന്ന് അറിയുവാൻ താല്പര്യമുള്ളവർ ധാരാളമുണ്ട്. നമുക്ക് എന്താണുള്ളത്, നാം എന്തു വിശ്വസി

ക്കുന്നു, നാം എന്തു ചെയ്യുന്നു എന്നീ കാര്യങ്ങൾ മതപരമായി വില യുള്ളതാണ്. സമൂഹത്തിനു നമ്മുടെ സാന്നിധ്യം തിരിച്ചറിയാൻ കഴിയുന്നുണ്ടോ?

പലപ്പോഴും നാം ആളുകളോടു, പുതിയ നിയമ ക്രിസ്ത്യാനി ത്വത്തെ പുനരേകീകരിക്കുവാനുള്ള ശ്രമമാണ് ഞങ്ങൾ നടത്തുന്നത് എന്നു പറയാറുണ്ട്. അതു നല്ലൊരു ഉത്തരമാണ്. ഒന്നാം നൂറ്റാണ്ടിൽ സഭ എങ്ങനെ ആയിരുന്നുവോ അങ്ങനെ നാം ആയിത്തീരണം. ഇത് നാം ആളുകളോട് പറയുമ്പോൾ അവർ സംശയദൃഷ്ടിയോടെ നോക്കും. ക്രിസ്ത്യാനിത്വത്തിന്റെ പ്രത്യേക സ്വഭാവം എല്ലാവരിലും ഇല്ലല്ലോ എന്നു വിചാരിച്ചേക്കാം. അതുകൊണ്ട് ആളുകൾ നമ്മുടെ ജീവിത ശൈലിയെ നോക്കുന്നതിൽ തെറ്റു പറയാവുന്നതല്ല. ഒന്നാം നൂറ്റാണ്ടിലെ സഭയെ നാം നമ്മിൽ പ്രദർശിപ്പിക്കേണ്ടതായിട്ടുണ്ട്. ചുരുക്കി പറഞ്ഞാൽ നാം ക്രിസ്ത്യാനിയായി ജീവിക്കണം എന്നു സാരം. പറയുന്നതു പോലെ പ്രവർത്തിക്കണം എന്നു പറയുന്നതിലോ വിചാരിക്കുന്നതിലോ തെറ്റില്ല.

ക്രിസ്തുവിന്റെ സഭകൾ ചരിത്രാതീത കാലമായി ചോദിക്കാറുള്ള ചോദ്യമാണ് "ഇതു ബൈബിൾ അനുസാരമോ?" എല്ലാ സഭകളും ചില കാര്യങ്ങളിൽ ബൈബിൾ എടുക്കുന്നുണ്ട്. പക്ഷേ എല്ലാ കാര്യത്തിലും ബൈബിൾ പറയുന്നതുപോലെ എടുക്കുവാൻ അവർക്കു കഴിയുന്നില്ല. എന്നാൽ ക്രിസ്തുവിന്റെ സഭയിലുള്ളവർ സ്വയം ചോദിക്കണം. എന്തെങ്കിലും ഒരു പുതിയ ആശയം ആർക്കെങ്കിലും തോന്നിയാൽ അവർ ചോദിക്കേണ്ട ചോദ്യമാണ്. ഇതു ബൈബിൾ അനുസരിച്ചുള്ളതോ എന്ന്. നമുക്ക് എല്ലായ്പ്പോഴും ശരിയായ ഉത്തരം കിട്ടിയെന്നു വരികയില്ല. എങ്കിലും നാം അങ്ങനെ ചോദിക്കണം. അതാണ് ക്രിസ്തുവിന്റെ സഭകളെ മറ്റുള്ളവയിൽ നിന്ന് വേർതിരിച്ച് നിർത്തുന്നത്. അതു നല്ലൊരു സൂചനയാണ്. കാരണം ബൈബിൾ ദൈവശ്വാസിയമാണ്. ദൈവമാണ് പരമാധികാരി എന്ന ബോധ്യം നമുക്ക് ഉണ്ടാകണം. സഭാ ജീവിതത്തിൽ എല്ലാ മേഖലയിലും നമുക്ക് അതുണ്ടായിരിക്കണം.

അനേകവർഷങ്ങൾക്കു മുൻപ്, ബെൽജിയത്തിലെ ഒരു മത പരമായ പുസ്തകങ്ങൾ വില്ക്കുന്ന കടയിൽ പോയി. അവിടത്തെ ഇവാഞ്ചലിക്കൽ സഭയിലെ ഒരു പാസ്റ്ററെ ഞാൻ പരിചയപ്പെട്ടു. അദ്ദേഹം എന്നോട് ഈ ചോദ്യം ചോദിച്ചു "എന്താണ് ക്രിസ്തു

വിന്റെ സഭയുടെ വ്യത്യാസം?" ആദ്യം എന്റെ ഉള്ളിൽ തോന്നിയത് നല്ല ഉത്തരം ആയിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ പ്രതികരണം ആശാവഹമായിരുന്നു.

ഞാൻ പറഞ്ഞു, "ഞങ്ങൾ സംഘടിപ്പിക്കുന്ന രീതി വ്യത്യാസമുണ്ട്. ഞങ്ങൾക്ക് ഒരു പാസ്റ്റർ വ്യവസ്ഥയില്ല, ഒരു തലസ്ഥാനവുമില്ല. അതിനു അദ്ദേഹത്തിന്റെ ഉത്തരം ഞാൻ ഒരിക്കലും മറക്കുകയില്ല. ഞാൻ പ്രസംഗിച്ചിട്ടുള്ള പ്രസംഗങ്ങളേക്കാൾ, കേട്ടിട്ടുള്ള പ്രസംഗങ്ങളേക്കാൾ സഭകൾ തമ്മിലുള്ള വ്യത്യാസം മനസിലാക്കുവാൻ എന്നെ സഹായിച്ചു. "അല്ല, ഉപദേശപരമായ വ്യത്യാസം ആണ് ഞാൻ അർത്ഥമാക്കിയത്" എന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാടിൽ സഭാസംഘടന ഒരു ഉപദേശപരമായ വ്യത്യാസമേ അല്ല. അതു ബൈബിൾ സംബന്ധമോ എന്ന ചോദ്യവും അയാളുടെ മനസിലില്ലായിരുന്നു. അപ്പോൾ "എല്ലാ കാര്യത്തിലും ബൈബിൾ പ്രകാരമായിട്ടാണോ" പോകുന്നത് എന്നു ചോദിക്കണം. അതിൽ സഭയുടെ ഘടനയും, സംഘടനയും ഉൾപ്പെടുന്നതാണ്.

## ക്രിസ്ത്യാനികൾ ചോദിക്കാതിരിക്കുമ്പോൾ

"ഇതു ബൈബിൾ പ്രകാരമാണോ?" എന്നു ക്രിസ്ത്യാനികൾ ചോദിക്കാതിരിക്കുമ്പോൾ, അവർ തീർച്ചയായും ദൈവവഴിയിൽ നിന്നു അകന്നു അലയുകയാണ്. ലോകത്തിൽ ഇസ്രായേൽ എന്നു പേരുള്ള ഒരു കൂട്ടം ആളുകൾക്കു മാത്രം ബൈബിൾ എന്നു നാം വിളിക്കുന്ന പുസ്തകവും ഉണ്ടായിരുന്നു. മറ്റാർക്കും ദൈവവചനം ഇല്ലായിരുന്നു. ദൈവം തന്റെ ഇഷ്ടം വെളിപ്പെടുത്തി, അതെഴുതി ആ ജനത്തിനു സഹായകരമാക്കി കൊടുത്തു. അവർ അനുഗ്രഹിക്കപ്പെട്ടവരും പല രീതിയിൽ പ്രത്യേകതയുള്ളവരും ആയിരുന്നു. അവർക്കു പ്രാഥമികമായി ദൈവത്തിന്റെ വചനം ഉണ്ടായിരുന്നു.

യോശിയാവിനു 8 വയസ്സായപ്പോഴായിരുന്നു അവൻ രാജാവായത്. അപ്പോൾ ഇസ്രായേൽ ജനം ദൈവത്തോട് അവിശ്വസ്തമായിട്ടാണ് ജീവിച്ചിരുന്നത്. ദൈവത്തിന്റെ വചനത്തെ അവർ തള്ളിക്കളഞ്ഞിരുന്നു. ശലോമോന്റെ കാലത്തു പണിതതായ ദൈവാലയം പോലും ഏതാണ്ട് ഉപേക്ഷിക്കപ്പെട്ട നിലയിലായി എന്നു പറയാം.

അവന്റെ വാഴ്ചയുടെ പതിനെട്ടാം ആണ്ടിൽ, അവൻ ദൈവാലയം പുതുക്കി പണിയുവാൻ ആഗ്രഹിച്ചു. ആത്മിയ കാര്യങ്ങൾ ക്രമപ്പെടുത്തേണം എന്നു അവന്റെ മനസിൽ തോന്നി. അങ്ങനെ അവൻ ദൈവാലയം ഏതാണ്ട് ഉപയോഗിക്കാവുന്ന രീതിയിലാക്കി. അതിനു ആവശ്യമായ തുക സംഭരിക്കാൻ കല്പനയും പുറപ്പെടുവിച്ചു.

ആളുകൾ ദൈവാലയത്തിന്റെ അറ്റകുറ്റപ്പണികൾ തുടങ്ങി. പണി അധികം നീളുന്നതിനു മുൻപു അതിശയകരമായ ഒന്ന് അവിടെ കണ്ടെത്തി. അതു യഹോവയുടെ നിയമ പുസ്തകം ആയിരുന്നു (2 രാജാക്കന്മാർ 22). അവർ നിയമ പുസ്തകത്തിനായി അന്വേഷിച്ചതല്ല. അവർ ദൈവാലയം പണിയുന്ന തിരക്കിലായിരുന്നു. അവർ അതു കണ്ടെടുത്തപ്പോൾ അത്ഭുതപ്പെട്ടു പോയി. അവർ ന്യായപ്രമാണത്തെ മറന്നിരുന്നു.

അതു നമുക്കു ചിന്തിക്കാൻ പോലും കഴിയുന്നില്ല, അതു ഇസ്രായേൽ ജനത്തിനു കൊടുത്തതായിരുന്നു. ഒരേ ഒരു കൂട്ടം ജനത്തിനു മാത്രമായി നല്കിയതായ പുസ്തകം, ന്യായ പ്രമാണ പുസ്തകത്തെ അവർ മറന്നു. ദൈവം കൊടുത്ത ചട്ടങ്ങളും പ്രമാണങ്ങളും ഉള്ള പുസ്തകത്തെ അവർ മറന്നിരുന്നു. ഇതിനിടയിൽ എപ്പോഴോ ഈ പുസ്തകം വായിക്കുന്നതും ചർച്ച ചെയ്യുന്നതും വിട്ടുകളഞ്ഞിരുന്നു. ഇതു ബൈബിൾ പ്രകാരമാണോ എന്ന് അവർ ചോദിച്ചിരുന്നെങ്കിൽ, ന്യായപ്രമാണം അവർ നോക്കുമായിരുന്നു. ആരെങ്കിലും പുസ്തകം അന്വേഷിച്ചു കണ്ടെത്തി പരിശോധിക്കുമായിരുന്നു. ഒരുപക്ഷേ ദൈവ വചനത്തേക്കാൾ ആളുകൾ പാരമ്പര്യത്തിനും മനുഷ്യരുടെ ഉപദേശത്തിനും ഊന്നൽ കൊടുത്തിരിക്കാം.

## ദൈവവചനത്തിന്റെ പ്രാധാന്യം

ദൈവവചനം എളുപ്പത്തിൽ വ്യക്തമായി മനസിലായാൽ അതനുസരിക്കാൻ കഴിയും. എന്നാൽ ബൈബിളിലെ ഉപദേശങ്ങൾ അറിയേണ്ടതുണ്ട്. സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്ന് കർത്താവു പറഞ്ഞിരിക്കുന്നു (യോഹന്നാൻ 8:32). ദൈവവചനമാണ് സത്യം. സത്യമാണ് ആളുകളെ ശുദ്ധീകരിക്കുന്നത് (യോഹന്നാൻ 17:17). ആദ്യമായി ബൈബിൾ ദൈവത്തിൽ നിന്നു വന്നതാണ് എന്നു വിശ്വസിക്കണം (2 തിമൊഥെയൊസ് 3:16, 17).

മനുഷ്യരാൽ എഴുതപ്പെട്ടതാണെങ്കിലും അരുളപ്പാടുകൾ ദൈവത്തിന്റേതാണ്. ബൈബിളിന്റെ വിശ്വസനീയത തെളിയിക്കപ്പെട്ടതാണ്. അതുകൊണ്ട് സംശയിക്കാതെ വിശ്വസിക്കുക. ദൈവത്തെ അറിഞ്ഞവർ ദൈവത്തെ സ്നേഹിക്കും. ദൈവത്തെ സ്നേഹിക്കുന്നവർ ദൈവത്തിന്റെ പ്രമാണം അനുസരിക്കും (യോഹന്നാൻ 14:21-24). ദൈവത്തെ സ്നേഹിച്ച് അവനെ അനുസരിക്കുന്നവരെ അവൻ തള്ളിക്കളയുകയില്ല.

നാം ദൈവവചനത്തിൽ തൃപ്തരാണോ എന്നു ചോദിക്കുക. അതു ബൈബിൾ പ്രകാരമാണോ എന്നു ചോദിക്കുക. നമ്മുടെ ജീവനും ഭക്തിക്കും വേണ്ടുന്നതൊക്കെയും ദൈവം തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവം നമ്മിൽ പ്രസാദിക്കണമെങ്കിൽ നാം ദൈവത്തെ പ്രസാദിപ്പിക്കണം. ദൈവത്തെ പ്രസാദിപ്പിക്കേണ്ടത് അവന്റെ ഇഷ്ടം ചെയ്തു കൊണ്ടാവണം. ദൈവേഷ്ടം ചെയ്യാതെ ദൈവത്തെ വിളിക്കുന്നതിൽ അർത്ഥമില്ല. നമ്മുടെ ജീവിതത്തെ നാം സ്വയമായി നിയന്ത്രിച്ച് കൈകാര്യം ചെയ്താൽ പരാജയമായിരിക്കും ഫലം. എന്നാൽ ദൈവ വചനപ്രകാരം ക്രമപ്പെടുത്തിയാൽ വിജയമായിരിക്കും ഫലം.

യേശുവിന്റെ ശുശ്രൂഷാ വേളയിൽ മലമ്പ്രസംഗത്തിൽ യേശു ദൈവത്തെ അറിയുവാനും അനുസരിക്കുവാനും ജനങ്ങളോട് ഊന്നിപ്പറയുന്നു. ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ആളുകൾ കർത്താവിനെ വെറുതെ വിളിച്ചാൽ മാത്രം പോരാ, ദൈവേഷ്ടം ചെയ്യണം (മത്തായി 7:21). നാം അവന്റെ വചനം കേട്ട് അനുസരിക്കുന്നില്ലെങ്കിൽ നാം മണലിന്മേൽ വീടു പണിയുന്നവരോടു സദൃശ്യരാകും. മണലിന്മേൽ പണിയുന്ന വീട് കാണാൻ ഭംഗിയുള്ളതാകാം. ആശ്വാസകരമായ വീട്, പണിതപ്പോൾ കുഴപ്പമൊന്നും ഉണ്ടായില്ല. താമസിക്കുമ്പോഴും കുഴപ്പമില്ലായിരുന്നു. എന്നാൽ കാറ്റും മഴയും വന്നപ്പോൾ അതു വീണു. അതിന്റെ വീഴ്ച്ച വലുതായിരുന്നു. മണലിന്മേൽ വീട് പണിയുന്നവർ, ദൈവവചനം കേൾക്കും പക്ഷേ അനുസരിക്കയില്ല. നമ്മുടെ വീട് വീഴാതിരിക്കണമെന്നുണ്ടെങ്കിൽ നാം ചെയ്യുന്നതു ബൈബിൾ പ്രകാരമാണോ എന്നു ചോദിക്കയും ഉത്തരം കണ്ടെത്തുകയും വേണം.

## ബൈബിൾ സംബന്ധമായ വ്യത്യാസങ്ങൾ

ക്രിസ്തുവിന്റെ സഭയും മറ്റു സഭകളും തമ്മിൽ പ്രകടമായ പല വ്യത്യാസങ്ങളും ഉണ്ട്. ആദ്യമായി വിശ്വാസത്തിലുള്ള വ്യത്യാസം. ബൈബിളിൽ ഏക വിശ്വാസമാണുള്ളത് (എഫെസ്യർ 4:5). മറ്റു സഭകളിൽ പല വിശ്വാസങ്ങളാണ്. അടുത്തത് ഉപദേശം ബൈബിളിൽ ഒരൊറ്റ ഉപദേശമാണ്. അതു ക്രിസ്തുവിന്റെ ഉപദേശമാണ്. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നു അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവമില്ല എന്നു വചനം പറയുന്നു (2 യോഹന്നാൻ 9, 10). ബൈബിളിൽ കർത്താവ് നല്കിയ ഉപദേശരൂപമാണ് നാം ഹൃദയപൂർവ്വം അനുസരിക്കേണ്ടത് (റോമർ 16:7,8). ക്രിസ്തുവിന്റെ ഉപദേശമാണ് ആളുകൾ എല്ലാം കേട്ട് അനുസരിക്കേണ്ടത്. അടുത്തത് ആരാധനയാണ്. തിരുവെഴുത്തിൽ ഒരേ ഒരു ആരാധനയാണുള്ളത്. അത് സത്യത്തിലും ആത്മാവിലും ഉള്ള ആരാധനയാണ് (യോഹന്നാൻ 4:24). മറ്റു സഭകളിൽ ഉള്ള ആരാധനയിൽ മാനുഷ കല്പനകളായ ഉപദേശങ്ങളും അടങ്ങിയിരിക്കുന്നു. അതു ദൈവം സ്വീകരിക്കയില്ല (മത്തായി 15:9). സത്യാരാധന ക്രിസ്തുവിന്റെ സഭയിലേതാണ്. മറ്റുള്ളവ വ്യർത്ഥമാണ്. അവസാനമായുള്ള വ്യത്യാസം പരിശീലനമാണ്. ക്രിസ്തീയ പരിശീലനം, വാക്കിനാലോ ക്രിയയാലോ നാം എന്തുചെയ്താലും അതു യേശുക്രിസ്തുവിന്റെ അധികാരത്തിൽ ആയിരിക്കണം (കൊലൊസ്യർ 3:17). ദൈവവചനപ്രകാരമുള്ള വിശ്വസ്ത ജീവിതമാണ് നാം നയിക്കേണ്ടത്. പാരമ്പര്യ ചടങ്ങുകളോ മറ്റു മതപരമായ ചടങ്ങുകളോ ആചാരങ്ങളോ ദൈവത്തെ പ്രസാദിപ്പിക്കുവാൻ എടുക്കാവുന്നതല്ല. എഴുതിയിരിക്കുന്നതിനപ്പുറമായി നാം ഭാവിക്കരുത് (1 കൊരിന്ത്യർ 4:6).

★

## പാപവും പാപമോചനവും

റോബെർട്ട് സി

പാപം ഒരു പ്രശ്നം തന്നെയാണ്. ലോകത്തിൽ എവിടെയും ഏതു മനുഷ്യനെയും ബാധിക്കുന്ന ബാധയാണ് പാപം. അത് എപ്പോഴോ നമ്മിൽ കടന്നു കൂടുന്നു. അനുസരണക്കേട്, അധർമ്മം എന്നൊക്കെ അതിനെ വിളിക്കുന്നു. പാപമില്ലാത്ത വ്യക്തികൾ ഇല്ല. നമ്മിൽ പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നാം നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി (1 യോഹന്നാൻ 1:8). നിയമം ഉള്ളേടത്തോളം മനുഷ്യൻ നിയമം ലംഘിച്ചു കൊണ്ടിരിക്കുന്നു. അതൊരു ശീല

മായി മനുഷ്യൻ മാറ്റിയിരിക്കുന്നു. ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവ തേജസ് ഇല്ലാത്തവരായി തീർന്നു. പാപം മനുഷ്യനെ മരണത്തിലേക്കു തള്ളി വിടുന്നു (റോമർ 6:23). ഈ മരണത്തെ അഥവാ മരണത്തിന്റെ ശക്തിയെ തോല്പിക്കുവാനാണ് യേശു മരിച്ചത്. മരണത്തെ മരണം കൊണ്ട് അതിജീവിച്ചു. അങ്ങനെ അവൻ യാഗമായി തീർന്നതു കൊണ്ട് പാപങ്ങൾക്കു മോചന വഴി ഒരുക്കി. പാപമോചനം ദൈവകൃപയാൽ ലഭിക്കുന്ന ദാനമാണ്. പാപിയായ മനുഷ്യരെ ദൈവിക നിലവാരത്തിലേക്കു ഉയർത്തുവാനാണ് ദൈവത്തിന്റെ പദ്ധതി. പാപമോചന ദിശയിലേക്ക് നാം നീങ്ങണം. പാപമോചനം എളുപ്പത്തിൽ ലഭ്യമാകും, പക്ഷേ മനസു തകർന്നു ഹൃദയം നുറുങ്ങി നാം അവന്റെ നിർദ്ദേശങ്ങൾ അനുസരിക്കണം എന്നു മാത്രം.

വളരെ എളുപ്പത്തിൽ മറക്കാനിടയുള്ള ഒന്നാണ് പാപമോചനം. കാരണം പലപ്പോഴും ദൈവം നമ്മുടെ നേർക്കു കരം നീട്ടുന്നതു നാം കാണുകയില്ല. ദൈവം നമ്മോട് മടങ്ങിവരാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കയാണ്. തന്നിൽ നിന്നകന്നു പോകുന്നവരെ തന്റെ അതുലപ്പാടുകൾ വിളിച്ചറിയിച്ചു അവരോടു തിരിച്ചു വരുവാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കയാണ്. പക്ഷേ ആളുകൾ ചെവികൊടുക്കുന്നില്ല. കാരണം അവരെ പിൻതിരിപ്പിക്കുവാൻ ലോകത്തിൽ പലവിധ ആകർഷണ വലയങ്ങൾ ഉണ്ട്. അവയിൽ നാം കുടുങ്ങിപ്പോകരുത്. ലോകത്തിന്റെ സുഖഭോഗങ്ങൾ ആണ് വാസ്തവത്തിലുള്ള ആത്മീയ സന്തോഷത്തെ എടുത്തുകളയുന്നത്. അതു തിരിച്ചറിയുവാൻ നമുക്ക് ഉൾക്കാഴ്ച്ച വേണം.

ചിലപ്പോൾ നാം പാപമോചനത്തെ മറക്കുന്നതിന്റെ കാരണം പാപത്തിന്റെ അനന്തര ഫലത്തെ നാം മറക്കുന്നതുകൊണ്ടാണ് ഉദാഹരണമായി ചിലർക്ക് സമൃദ്ധി ലഭിക്കുമ്പോൾ അവർ മുൻപ് എങ്ങനെയായിരുന്നു എന്നു മറക്കും. അവരെ പഴയ കാലസ്മരണ ഉണർത്തുവാൻ ദൈവം ഓരോ സന്ദർഭങ്ങളും മുഖാന്തരങ്ങളും ജീവിതത്തിൽ വരുത്തും. ചിലർ അപ്പോൾ തങ്ങളുടെ പഴയ അവസ്ഥയെ ചിന്തിക്കും. ഒരു പക്ഷേ രോഗം വന്നു കിടക്കുമ്പോൾ അവർക്കു ചിന്തിക്കാൻ സമയം കിട്ടും. പാപം നമ്മെ മുൻപ് എങ്ങനെയെല്ലാം ദു:ഖത്തിലാഴ്ത്തി എന്നു ചിന്തിക്കുക. മാനസികമായും വൈകാരികമായും അപ്പോൾ നാം സ്വസ്ഥതയില്ലാത്തവരായിരുന്നു. സമാധാന

മില്ലാതെ കഴിഞ്ഞിരുന്നു. അതോർത്താൽ വീണ്ടും നാം പാപത്തിലേക്ക് പോകയില്ല. ലഭിച്ച മോചനത്തിന്റെ പ്രസക്തി കുറച്ചു കാണുകയുമില്ല.

ദൈവത്തിന്റെ കൃപയാലാണ് നമ്മുടെ പാപങ്ങളെ ദൈവം മോചിച്ചത്. ക്രിസ്തുവിന്റെ യാഗം നിമിത്തം ആണ് നമ്മുടെ അകൃത്യങ്ങളെ ദൈവം കണക്കിലെടുക്കാതിരുന്നത്. ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രദർശിപ്പിച്ചത് തന്റെ പ്രിയ പുത്രനിൽകൂടെയാണ്. ക്രിസ്തു തന്റെ ജീവിതാവസാനം വരെ ആ സ്നേഹം നമുക്കു കാണിച്ചുതന്നു. ആ ദൈവ സ്നേഹത്തെ നാം ഒരിക്കലും മറക്കാൻ പാടില്ല. അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്ത് ലോകം മുഴുവൻ മാനസാന്തരവും പാപമോചനവും പ്രസംഗിക്കാൻ ആവശ്യപ്പെട്ടതു നാം നഷ്ടപ്പെട്ടുപോകരുത് എന്നു വിചാരിച്ചാണ്. നാം ദൈവ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിനാണ് രക്ഷാ സന്ദേശം സകല സൃഷ്ടികളെയും അറിയിക്കാൻ ആവശ്യപ്പെട്ടത്. ക്രിസ്ത്യാനികളെ ഉപദ്രവിക്കയും മുടിക്കയും ചെയ്ത പൗലൊസിനെ കർത്താവ് അവന്റെ പാപങ്ങൾ ക്ഷമിച്ചു കൊടുക്കുക മാത്രമല്ല, അവനെ ദൈവിക ശുശ്രൂഷക്കായി തിരഞ്ഞെടുക്കയും ചെയ്തു. ദൈവം തന്റെ കരുണാധിക്യ പ്രകാരമാണ് അങ്ങനെ ചെയ്തത് എന്നു പൗലൊസ് തന്നെ പറഞ്ഞിട്ടുണ്ട് (1 തിമൊഥെയൊസ് 1:12-15)

ദൈവ കൃപ അപ്രമേയമാണ് - അതിശയകരമായ ദൈവകൃപ ആത്മാവിനാൽ തന്റെ വചനം മുഖാന്തരം ദൈവം എല്ലാവർക്കുമായി തുറന്നുവെച്ചിരിക്കുന്നു. അതു മനുഷ്യൻ രക്ഷ പ്രാപിക്കേണ്ടതിനാണ് (എഫെസ്യർ 2:8-10) നമ്മുടെ ഇഷ്ടപ്രകാരമല്ല ദൈവം നമ്മോട് ക്ഷമിക്കുന്നത്. പിന്നെയോ ദൈവേഷ്ട പ്രകാരമാണ്. തന്റെ വിശുദ്ധന്മാർക്കു ദൈവം അതു വെളിപ്പെടുത്തിയത് ദൈവവചനമായി ബൈബിളിൽ എഴുതിയിട്ടുണ്ട്. നമ്മുടെ കടമ അതു വായിച്ച് അപ്രകാരം ജീവിക്കുക എന്നതാണ്. കാര്യങ്ങൾ നമ്മുടെ വഴിയിൽ ചെയ്യുവാനാണ് നമുക്ക് ഇഷ്ടം. എന്നാൽ പാപമോചനത്തിന് ദൈവ വഴി തന്നെ സ്വീകരിക്കണം.

✶

## ദുരന്തം തൊഴിലാളി ക്യാംപിൽ; മരിച്ചവരെല്ലാം തമിഴ്നാട്ടുകാർ

ബഹ്റൈനിലെ ഗുദേബിയയിൽ തൊഴിലാളി ക്യാംപിലുണ്ടായ തീപിടിത്തത്തിൽ തമിഴ്നാട് സ്വദേശികളായ 16 പേർ മരിച്ചു. റോയൽടവർ നിർമ്മാണ കമ്പനിയിലെ ഇരുനൂറിലേറെ തൊഴിലാളികൾ താമസിച്ചിരുന്ന കെട്ടിടത്തിൽ ഉറക്കത്തിനിടെ ഇന്നലെ പുലർച്ചെ രണ്ടരയോടെ (ഇന്ത്യൻ സമയം പുലർച്ചെ അഞ്ചിന്) ആയിരുന്നു തീ പിടിത്തം. വൈദ്യുതി ഷോർട്ട് സർക്യൂട്ടാണ് കാരണമെന്ന് പൊലീസ് അറിയിച്ചു. കനത്ത പുകയിൽ ശ്വാസം മുട്ടിയാണ് മിക്കവരും മരിച്ചത്. പൊള്ളലേറ്റ മൂന്നുപേരും കെട്ടിടത്തിൽനിന്ന് എടുത്തുചാടി പരുക്കേറ്റ അഞ്ചുപേരും ചികിത്സയിലാണ്. ആരുടെയും നില ഗുരുതരമല്ല.

★

## ബില്ലിനു പണമില്ല; മലയാളി ശിശുവിന്റെ സൗദി ആശുപത്രിവാസം തീർന്നു

പ്രസവ ശുശ്രൂഷയുടെ ബില്ലടയ്ക്കാൻ പണമില്ലാത്തതിനാൽ സൗദി അറേബ്യയിലെ ആശുപത്രിയിൽ നിന്നു നവജാത ശിശുവിനെ മലയാളികളായ രക്ഷിതാക്കൾക്കു വിട്ടുകിട്ടുന്നില്ലായിരുന്നു.

ഇലക്ട്രീഷ്യൻ പ്രസാദിന്റെ ഭാര്യ നഴ്സായ റീന കോശിറിയാദ് മെഡിക്കൽ കോംപ്ലക്സിൽ ഇരട്ടക്കുട്ടികൾക്കു ജന്മം നൽകിയതു രണ്ടു മാസം മുൻപാണ്. മാസം മാസം തികയും മുൻപേയുള്ള പ്രസവമായതിനാൽ ഒരു കുഞ്ഞ് മരിച്ചു. രണ്ടാമത്തെ കുഞ്ഞിനെ ഇൻ കുബേറ്ററിൽ സൂക്ഷിക്കുകയായിരുന്നു. ഇതിന്റെ ദിവസവാടക 750 സൗദി റിയാലാണ് (9310 രൂപ). ഏറെ ദിവസം കുഞ്ഞിനെ സൂക്ഷിക്കേണ്ടി വന്നതിനാൽ പ്രസവമടക്കം 47,000 റിയാലിന്റെ (5,83,250 രൂപ ) ബില്ലാണ് ആശുപത്രിയിൽ നിന്നു കൊടുത്തത്. പക്ഷേ സൗദിയിൽ ജോലി കിട്ടിയിട്ടു നാലുവർഷം മാത്രമായിട്ടുള്ള പ്രസാദിനു ബിൽത്തുക അടയ്ക്കാൻ സാവകാശം കൊടുത്തു.

★

## രണ്ടുകോടിയുടെ വിസ തട്ടിപ്പ്; രണ്ടുപേർ പിടിയിൽ

കേരളത്തിലും അയൽ സംസ്ഥാനങ്ങളിലും വ്യാജവീസ നൽകി രണ്ടുകോടി രൂപയുടെ തട്ടിപ്പു നടത്തിയ സംഘത്തിലെ രണ്ടു പേർ പൊലീസ് പിടിയിലായി.

നേമം, കാരയ്ക്കാമണ്ഡപം നെടുമം പൊന്നുമംഗലം പ്ലാവിള പുത്തൻവീട്ടിൽ മുഹമ്മദ് ബഷീർ (52), മലപ്പുറം നിലമ്പൂർ പൂക്കോട്ടുമണ്ണ് കുത്തുകല്ലുംഗൽ വീട്ടിൽ രാജശ്രീ (ശ്രുതി-23) എന്നിവരെയാണ് വീസാ തട്ടിപ്പുമായി ബന്ധപ്പെട്ട കേസിൽ പേരൂർക്കട പൊലീസ് അറസ്റ്റ് ചെയ്തത്.

✶

## ഇന്റർനെറ്റ് വഴി ജോലി വാഗ്ദാനം അഞ്ചുലക്ഷം തട്ടിയെടുത്തു

ഇന്റർനെറ്റ് വഴി ജോലി വാഗ്ദാനം ചെയ്ത സംഘം അഞ്ചു ലക്ഷത്തോളം രൂപ തട്ടിയെടുത്തു. ജോലിയോ പണമോ ലഭിക്കാതെ യുവാവ് നട്ടം തിരിയുന്നു. രാജ്യാന്തര തട്ടിപ്പു സംഘം അതിനു പിന്നിലുണ്ടെന്നു കാണിച്ച് സംസ്ഥാനപൊലീസിലും ഇന്റർ പോളിനും പരാതി നൽകി.

കഴക്കൂട്ടം പള്ളിപ്പുറം സ്വദേശി ഇബ്രാഹിം കുഞ്ഞ് ഷെറീഫ് (39) ആണ് തന്റെ സമ്പാദ്യമെല്ലാം ജോലി വാഗ്ദാനം ചെയ്തവർക്കു നൽകി വട്ടം കറങ്ങുന്നത്.

മലയാളി സംഗമത്തിനു തുടക്കം

ഗ്ലോബൽ കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിലുള്ള ആഗോള മലയാളി സംഗമമായ കേരളീയം -2006നു തിരശീല ഉയർന്നു. ഹൈക്കമ്മീഷൻ ആസ്ഥാനമായ ഇന്ത്യ ഹൗസിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ ഇന്ത്യൻ ഹൈക്കമ്മീഷണർ കമലേഷ് ശർമ്മ ദീപം തെളിച്ചു.

✶

## സ്കൂളുകളിൽ ഉച്ചക്കഞ്ഞിക്ക് പകരം ഊണ്: മന്ത്രി ദിവാകരൻ

സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞിക്കു പകരം ഊണു നൽകുന്ന പദ്ധതി താമസിയാതെ നടപ്പിലാക്കുമെന്ന് മന്ത്രി സി. ദിവാകരൻ പറഞ്ഞു. വാരനാട് മക്ഡവൽ കമ്പനിയിലെ എ. ഐ. ടി. യു. സി., യു. ടി. സ. യൂണിയനുകളുടെ ലയന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്കൂൾ പി. ടി. എയുടെയും കുടുംബശ്രീകളടക്കമുള്ള സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയാവും പദ്ധതി നടപ്പാക്കുക. വിശദാംശങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു.

✶

## സ്കൂളുകളിൽ രക്ഷാകർത്താവ് ചമഞ്ഞെത്തി കുട്ടികളുടെ മാല മോഷണം: പ്രതി അറസ്റ്റിൽ

സ്കൂളുകളിൽ രക്ഷാകർത്താവ് ചമഞ്ഞെത്തി കൊച്ചുകുട്ടികളെ പാട്ടിലാക്കി സ്വർണാഭരണങ്ങൾ കൈക്കലാക്കുന്ന സംഘത്തിലെ പ്രധാന പ്രതിയെ ചിറയിൻകീഴ് പൊലീസ് അറസ്റ്റ് ചെയ്തു.

കിഴുവിലം പറയത്തുകോണം വാറുവിളാകം വീട്ടിൽ വെറോണ (49)യെയാണ് ചിറയിൻകീഴ് എസ്. ഐ.: ആർ. അനിൽ കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം പിടികൂടിയത്.

✶

## വർക്ക് സ്റ്റേഷനിലെ വിഷാദം

വിഷാദ രോഗത്തിന്റെ ലക്ഷണങ്ങളുമായാണ് ഏറ്റവും കൂടുതൽ ചെറുപ്പക്കാർ എന്നെ സമീപിച്ചിട്ടുള്ളത്. പലരിലും ഇതിനു കാരണം ജോലിസ്ഥലത്തെ പ്രശ്നങ്ങളാണ്. ജോലി ചെയ്യാൻ താൽപര്യക്കുറവ്, ഉത്സാഹമില്ലായ്മ, വേഗത കുറയുന്നു എന്നൊക്കെയാണ് ഇക്കൂട്ടർ പറയുന്നത് വീട്ടിലെ പ്രശ്നങ്ങളുമായി എത്തുന്നവരാണ് മറ്റൊരു കൂട്ടർ. മാനസിക പ്രശ്നങ്ങളാണ് ഇവയിലേറെയും അകാരണമായ രോഗാവസ്ഥയുമായി എത്തുന്ന ചിലരുണ്ട്. വിട്ടുമാറാത്ത

തലവേദന, ശരീരക്ഷീണം വയറ്റിൽ എരിച്ചിൽ തുടങ്ങിയ ലക്ഷണങ്ങൾ. ഇനിയുമൊരുകൂട്ടർ ഇത്തരം മനോവിഷമം മൂലമുള്ള ഉറക്കമില്ലായ്മ പരിഹരിക്കാൻ മദ്യപാനമോ ഉറക്കഗുളികയോ ശീലമാക്കിയവരാണ്

✶

## അഡ്ജസ്റ്റ്മെന്റ് പ്രോബ്ലം സോഷ്യൽ ഫോബിയ

മിക്കവർക്കുമുള്ളത് അഡ്ജസ്റ്റ്മെന്റ് പ്രോബ്ലമാണ്. സാഹചര്യങ്ങളോടു പൊരുത്തപ്പെടാൻ കഴിയാത്ത അവസ്ഥ. പരീക്ഷാസമയത്തെ ഉത്കണ്ഠയായും ഉറക്കക്കുറവായും പ്രേമനൈരാശ്യമായും ആത്മഹത്യാ ശ്രമമായും മരണഭയമായുമൊക്കെ ഇത് പ്രത്യക്ഷപ്പെടും. ജീവിത സാഹചര്യങ്ങളെ ഭയക്കുന്നതു പോലെയാണു പെരുമാറ്റം. കടുത്ത മത്സരങ്ങളും അതു നേരിടാനുള്ള ഭയവുമാണ് കാരണം. വീട്ടുകാരുടെ പ്രതീക്ഷക്കൊത്തുയരാൻ പറ്റാതെ പോവുക, സ്വന്തം പ്രതീക്ഷക്കൊപ്പമെത്താതിരിക്കുക തുടങ്ങിയവ കൊണ്ടും ഇത് സംഭവിക്കാം. ഇത്തരം പ്രശ്നങ്ങൾ ഒരു സഹായാഭ്യർഥനയാണ്. കാരണം കണ്ടെത്തി ചികിത്സിച്ചു മാറ്റാം. വിഷാദരോഗവും, വർധിക്കുന്നു. സാമൂഹികമായും ബയോളജിക്കലായ കാരണങ്ങളും ഇതിനുണ്ട്. തിരിച്ചറിയാത്ത മറ്റൊരു രോഗം സോഷ്യൽ ഫോബിയ ആണ്. ആൾക്കൂട്ടത്തിനിടയിൽ നിൽപ് ശരിയാണോ, ഭക്ഷണം കഴിക്കുന്നതു ശരിയാണോ, സംസാരിക്കുമ്പോൾ മുഖം വക്രിക്കുന്നുവോ എന്നൊക്കെയുള്ള സംശയമാണിത്. പെൺകുട്ടികളിൽ പലരും ഇതു പ്രകൃതമാണെന്ന് ആശ്വസിക്കുന്നു. യുവാക്കൾക്ക് ഇത്തരം പ്രശ്നം വരുമ്പോഴേ ഡോക്ടറുടെ പക്കൽ വരാറുള്ളൂ. അമിത വൃത്തി, ശ്രദ്ധക്കുറവ് തുടങ്ങിയവയും വ്യാപകമാണ്. താത്പര്യമില്ലാത്ത മേഖലകളിലേയ്ക്ക് സമ്മർദ്ദം ചെലുത്തി തിരിച്ചു വിടുന്നതാണ് ശ്രദ്ധക്കുറവിനു പ്രധാനകാരണം.

✶

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 August**

**Price of single copy: Rs.4/-**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08

Licensed to post without prepayment No. Tech/62-2 TV(N) 40/2006

*Join us to worship God in Spirit and Truth*

*The*

**CHURCH OF CHRIST**

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378